# പെരുമാറ്റച്ചട്ടം









BRAND SAFWAY

At Work For You™

# പ്രസിഡന്റ്, സിഇഒ-യിൽ നിന്നും ഉള്ള ഒരു സന്ദേശം





## BrandSafway ടീം അംഗങ്ങൾ

ഞങ്ങളുടെ ആഗോള ടീമിന്റെ വൈവിദ്ധ്യം, എല്ലാത്തരം സാമൂഹിക വൈവിദ്ധ്യങ്ങളേയും ഉൾക്കൊള്ളുന്നതിനുള്ള സന്നദ്ധതയുടേയും നീതിബോധത്തിന്റെയും സംസ്കാരം, സത്യസന്ധമായ ഇടപാടുകൾ സംബന്ധിച്ച് ഞങ്ങളുടെ കമ്പനിക്കുള്ള സൽപ്പേര് എന്നിവയിൽ ഞങ്ങൾ അഭിമാനിക്കുന്നു. Brand Industrial Services, Inc.-ന്റെയും അതിന്റെ അനുബന്ധ സ്ഥാപനങ്ങളിലെയും ("BrandSafway") ഒരു ജീവനക്കാരനെന്ന നിലയിൽ, മറ്റുള്ളവർക്കിടയിൽ നമ്മുടെ സൽപ്പേര് സൃഷ്ടിക്കുന്നതിനും അത് നിലനിർത്തുന്നതിനും, നീതിയുക്തവും എല്ലാത്തരം സാമൂഹിക വൈവിദ്ധ്യങ്ങളേയും ഉൾക്കൊള്ളുന്നതിന് സന്നദ്ധവുമായ ഒരു സംസ്കാരം രൂപപ്പെടുത്തുന്നതിനും നമ്മുടെ വ്യവസായ മേഖലയിൽ സാദ്ധ്യമായ ഏറ്റവും ഉയർന്ന നിലവാരത്തോതുകൾ ഉയർത്തിപ്പിടിക്കുന്നതിനും ഞങ്ങൾക്ക് നിങ്ങളുടെ പിന്തുണ ആവശ്യമാണ്.

നാം താമസിക്കുന്നതും ജോലി ചെയ്യുന്നതുമായ പരസ്പര ബന്ധിതമായതും സുതാര്യവുമായ ഈ ലോകത്ത്, നമ്മുടെ ഉപഭോക്താക്കളും സഹപ്രവർത്തകരും സമുഹങ്ങളും വർദ്ധിതമായി ഉയർന്ന പ്രതീക്ഷകളാണ് വെച്ചു പുലർത്തുന്നത്. ഈ പെരുമാറ്റച്ചട്ടം ശ്രദ്ധാപൂർവ്വം വായിക്കുകയും അതിലെ ഉള്ളടക്കം മനസ്സിലാക്കുകയും നിങ്ങൾ നിർവ്വഹിക്കുന്ന എല്ലാ ദൗത്യങ്ങളിലും ഈ തത്വങ്ങൾ പ്രയോഗത്തിൽ വരുത്തുകയും ചെയ്യുന്നതിലൂടെ ഈ പ്രതീക്ഷകൾ നിറവേറ്റുന്നതിന് ദയവായി ഞങ്ങളെ സഹായിക്കുക. നമ്മൾ ഒരുമിച്ച് പ്രവർത്തിച്ചു കൊണ്ട് നീതിയുക്തമായ ഒരു സംസ്കാരം സൃഷ്ടിക്കുകയും സത്യസന്ധതയുടെ നമ്മുടെ പ്രശസ്തി ഉയർത്തിപ്പിടിക്കുകയും തുടർന്നും നമ്മൾ പുതിയ ഉപഭോക്താക്കളെ നേടുകയും നിലവിലെ ഉപഭോക്താക്കളെ നിലനിര്ത്തുകയും നമ്മുടെ വ്യവസായത്തിലെ കൂടുതൽ ഇഷ്ടപ്പെട്ട തൊഴിൽ ദാതാവായും എല്ലാവർക്കും ജോലി ചെയ്യാനുള്ള ഏറ്റവും മികച്ച ഇടമായും നമ്മുടെ കമ്പനിയെ മാറ്റുകയും ചെയ്യാം.

BrandSafway-യിലെ എല്ലാ ജീവനക്കാർക്കും അതേ പോലെ തന്നെ ഞങ്ങളെ പ്രതിനിധീകരിച്ചേക്കാവുന്ന മൂന്നാം കക്ഷികൾക്കും ബാധകമായ ഞങ്ങളുടെ പെരുമാറ്റച്ചട്ടം രൂപപ്പെടുത്തിയിരിക്കുന്നത്, നിങ്ങൾക്കും ഞങ്ങളുടെ ആഗോള ടീമിലെ മറ്റേതൊരു വ്യക്തിക്കും നമ്മുടെ സംസ്കാരം സംരക്ഷിക്കുന്നതിനും സത്യസന്ധതയോടെ കൂട്ടായി പ്രവർത്തിക്കുന്നതിനും ശരിയായ കാര്യങ്ങൾ മാത്രം സുസ്ഥിരതയോടെ ചെയ്യുന്നതിനും സഹായകമാകുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് വേണ്ടിയാണ്. എന്താണ് ചെയ്യേണ്ടത് അല്ലെങ്കിൽ എങ്ങനെയാണ് പ്രവർത്തിക്കേണ്ടത് എന്ന് നിങ്ങൾക്ക് ഉറപ്പില്ലാത്ത ഒരു സാഹചര്യത്തിലാണെങ്കിലോ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനം നടന്നിട്ടുണ്ടെന്ന് നിങ്ങൾ വിശ്വസിക്കുന്നുവെങ്കിലോ നിർദ്ദേശം പാലിക്കുന്നതിനുള്ള പ്രശ്നത്തെക്കുറിച്ച് ഒരു ചോദ്യമുണ്ടെങ്കിലോ, നിങ്ങളെ സഹായിക്കുന്നതിനായി ഞങ്ങൾ എപ്പോഴും തയ്യാറാണെന്ന് ദയവായി മനസ്സിലാക്കുക. ശരിയായ കാര്യം ചെയ്യുന്നതിനായി നിങ്ങളെ സഹായിക്കുന്നതിനും പിന്തുണ നൽകുന്നതിനും ഞങ്ങൾ തയ്യാറാണ്.

ദയവായി പ്രതികരിക്കുകയും നിങ്ങളുടെ പ്രശ്നങ്ങൾ പങ്കിടുകയും സാധ്യമായ ലംഘനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ റിപ്പോർട്ട് ചെയ്യുകയും ചെയ്യുക. തുറന്ന രീതിയിലുള്ളതും സത്യസന്ധവുമായ ആശയവിനിമയം എപ്പോഴും - അപൂർവ്വമായി മാത്രമല്ല - പ്രതീക്ഷിക്കപ്പെടുന്ന ഒരു പശ്ചാത്തലത്തിനു വേണ്ടിയാണ് ഞങ്ങൾ പ്രതിജ്ഞാബദ്ധരായിരിക്കുന്നത്. നിങ്ങളുടെ സൂപ്പർവൈസറെയോ മാനേജരെയോ ഹ്യൂമൻ റിസോഴ്സസ് പ്രതിനിധിയേയോ നിങ്ങൾ യാതൊരു മടിയും കൂടാതെ സമീപിക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത് . ഇതിന് പുറമേ, ലഭ്യമാകുന്നിടത്ത്, സത്യസന്ധതയുമായി ബന്ധപ്പെട്ട് ഉയരുന്ന പ്രശ്നങ്ങളോ വിഷയങ്ങളോ റിപ്പോർട്ട് ചെയ്യുന്നതിനായി ഒരു BrandSafway-ഹോട്ട് ലൈൻ (BrandSafway Hotline) രഹസ്യാത്മക രീതിയും നൽകുന്നുണ്ട്.

ഞങ്ങളുടെ പെരുമാറ്റച്ചട്ടം വായിക്കാനും മനസ്സിലാക്കാനും വിനിയോഗിച്ച സമയത്തിനും BrandSafway-യുടെ മൂല്യങ്ങളോട് നിങ്ങൾ പുലർത്തുന്ന പ്രതിബദ്ധതയ്ക്കും നമ്മുടെ വ്യവസായത്തിൽ ഏറ്റവുമുയർന്ന നിലവാരത്തോതുകൾ ഉയർത്തിപ്പിടിക്കുന്നതിനും നിങ്ങൾക്ക് നന്ദി. നമ്മുടെ വ്യവസായത്തിൽ ഒരു ചരിത്രം സൃഷ്ടിക്കുന്നതിനായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം!

**കാൾ ഫെസെൻഡൻ**
പ്രസിഡന്റ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
Brand Industrial Services, Inc.



# ഉള്ളടക്ക പട്ടിക


| | |
|---|---|
| ആമുഖവും ഉദ്ദേശ്യവും<br>എന്താണ് നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത്<br>BrandSafway-യുടെ നേതൃസ്ഥാനങ്ങളിലുള്ളവരിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നത്<br>സത്യസന്ധതയുടെ ഉൽക്കണ്ഠ ഉയരുമ്പോൾ എന്തു സംഭവിക്കും<br>എങ്ങനെ ബിസിനസ് നിർവഹിക്കണം എന്നതിനെക്കുറിച്ച് | 07 |
| നിയമങ്ങൾ, ചട്ടങ്ങൾ, വ്യവസ്ഥകൾ എന്നിവയുടെ പാലനം<br>എങ്ങനെയാണ് വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്<br>കമ്പനിയുടെ സ്വത്ത് | 17 |
| BrandSafwa-യുടെ കമ്മ്യൂണിറ്റി<br>അന്തരീക്ഷവും ആരോഗ്യവും സുരക്ഷിതത്വവും<br>പൊതുജനങ്ങൾക്ക് വെളിപ്പെടുത്തേണ്ട കാര്യങ്ങൾ<br>ഒഴിവാക്കലുകളും ഉപസംഹാരവും | 23 |



# ആമുഖവും ഉദ്ദേശ്യവും

Brand Industrial Services, Inc-ഉം അതിന്റെ അനുബന്ധ കമ്പനികളും (“BrandSafway”) സത്യസന്ധത, നീതിപൂർണ്ണമായ ഇടപാടുകൾ, പരസ്പര ബഹുമാനം, ഞങ്ങൾ ഏർപ്പെടുന്ന എല്ലാ ദൗത്യങ്ങളിലും ഉന്നതമായ നൈതികത എന്നിവ കാത്തുസൂക്ഷിക്കാന് പ്രതിജ്ഞാബദ്ധരാണ്. സത്യനിഷ്ഠയുടെ ഈ ആത്മാവിനെ മുറുകെപ്പിടിക്കുന്നതിൽ ഞങ്ങൾക്കൊപ്പം ചേരാനും ചട്ടങ്ങൾ കൃത്യമായി പാലിക്കുകയും എല്ലാത്തരം സാമൂഹിക വൈവിദ്ധ്യങ്ങളേയും ഉൾക്കൊള്ളുകയും ചെയ്യുന്ന ഞങ്ങളുടെ സംസ്കാരത്തെ പിന്തുണയ്ക്കാനും ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുകയാണ്.

ഞങ്ങളെക്കുറിച്ചുള്ള സൽപ്പേര് ഓരോ ദിവസത്തെയും ഞങ്ങളുടെ പ്രവർത്തനങ്ങളിലൂടെയും BrandSafway-ക്ക് വേണ്ടി പ്രവർത്തിക്കുന്ന എല്ലാവരുടെയും സമീപനത്തിലൂടെയുമാണ് സൃഷ്ടിക്കപ്പെടുന്നത്. അതിനാൽ, ഉപഭോക്താക്കളുമായും വിതരണക്കാരുമായും പൊതുജനങ്ങളുമായും സഹ ജീവനക്കാരുമായും ഉള്ള നമ്മുടെ ഇടപെടലുകൾ, എപ്പോഴും വിമർശനത്തിന് അതീതമായിരിക്കണം. അക്കാരണത്താൽ ഇവിടെ വിവരിച്ചിരിക്കുന്ന തത്വങ്ങൾ, നിങ്ങളുടേയും BrandSafway-ക്കായി പ്രവർത്തിക്കുന്ന ഓരോ വ്യക്തിയുടേയും വ്യക്തിത്വത്തിൽ, അടർത്തി മാറ്റാനാവാത്ത വിധത്തിൽ ആഴത്തിൽ പതിയേണ്ടത് പ്രധാനമാണ്.

ബിസിനസ് ആവശ്യകതകളും വാണിജ്യ വിജയങ്ങൾ കൈവരിക്കുന്നതിനുള്ള സമ്മർദ്ദങ്ങളും എന്തു തന്നെ ആയിരുന്നാലും, നിങ്ങളിൽ നിന്നോ ഏതെങ്കിലും BrandSafway ജീവനക്കാരിൽ നിന്നോ ഞങ്ങളുടെ കമ്പനിക്കു വേണ്ടി ബിസിനസ് ചെയ്യുന്ന മറ്റാരിൽ നിന്നോ BrandSafway-യുടെ താൽപര്യങ്ങൾ മുന്നോട്ടു വയ്ക്കുന്നതിൽ വ്യക്തിഗതമായ സത്യസന്ധതയിൽ വിട്ടുവീഴ്ച ചെയ്യുമെന്ന് ഞങ്ങൾ ഒരിക്കലും പ്രതീക്ഷിക്കുന്നില്ല. അത്തരത്തിലുള്ള ഏതൊരു വിട്ടുവീഴ്ചയും ആത്യന്തികമായി ഞങ്ങളുടെ ഉത്തമ താൽപ്പര്യങ്ങളെ ദുർബലമാക്കുകയേ ഉള്ളൂ.

നൈതികപരമായ ബിസിനസ്സ് നിർവഹണവുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ ഉയരാനിടയുള്ള എല്ലാത്തരം സാഹചര്യങ്ങളെക്കുറിച്ചും ഈ BrandSafway പെരുമാറ്റച്ചട്ടത്തിൽ പരാമർശിക്കുന്നില്ലെന്നും പരാമർശിക്കാൻ കഴിയില്ലെന്നും നിങ്ങൾ മനസ്സിലാക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. മറിച്ച്, ഇവിടെ വിവരിച്ചിരിക്കുന്ന തത്വങ്ങൾ വിശാലമായ വിഭിന്ന സാഹചര്യങ്ങളിൽ പ്രായോഗികമാക്കിത്തീർക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ്. ഈ പെരുമാറ്റച്ചട്ടത്തിൽ പരാമർശിക്കപ്പെടാത്ത ഒരു സാഹചര്യം ഉണ്ടായാൽ അല്ലെങ്കിൽ നിങ്ങളുടെ സ്ഥലത്ത് ബാധകമായ പ്രാദേശിക നയങ്ങളെക്കുറിച്ച് കൂടുതൽ അറിയുന്നതിന്, നിങ്ങളുടെ മാനേജരെ, ഹ്യൂമൻ റിസോഴ്സ് പ്രതിനിധിയെ അല്ലെങ്കിൽ ചീഫ് കംപ്ലയന്സ് ഓഫീസറെ മാർഗനിർദേശത്തിനായി ബന്ധപ്പെടുക.

ദയവായി ശ്രദ്ധിക്കുക: ഈ പെരുമാറ്റച്ചട്ടത്തിലോ ബന്ധപ്പെട്ട ആശയവിനിമയങ്ങളിലോ ഒന്നും തന്നെ ഒരു തൊഴിൽ കരാറോ തൊഴിൽ കാലയളവോ രൂപപ്പെടുത്തുകയോ ധ്വനിപ്പിക്കുകയോ ചെയ്യുന്നില്ല.

#### ആരാണ് BrandSafway പെരുമാറ്റച്ചട്ടം പാലിക്കേണ്ടത്?

ഈ BrandSafway പെരുമാറ്റച്ചട്ടം വിവരിക്കുന്നത് BrandSafway-യ്ക്കും അവരുടെ അനുബന്ധ സ്ഥാപനങ്ങൾക്കും അഫിലിയേറ്റുകൾക്കും വേണ്ടി പ്രവർത്തിക്കുന്ന എല്ലാ വ്യക്തികളും സ്ഥാപനങ്ങളും സ്ഥലമോ പദവിയോ ഏതു തന്നെ ആയിരുന്നാലും പാലിക്കേണ്ട സുപ്രധാന തത്വങ്ങളാണ്. ഈ പെരുമാറ്റച്ചട്ടം പാലിക്കേണ്ടത് ഞങ്ങളുടെ ഓരോ ജീവനക്കാരുടേയും ഉത്തരവാദിത്തമാണ്. കൺസൾട്ടന്റുകൾ, ഏജന്റുമാർ, സെയിൽസ് പ്രതിനിധികൾ, വിതരണക്കാർ, സ്വതന്ത്ര കരാറുകാർ എന്നിങ്ങനെയുള്ള, BrandSafway-യെ പ്രതിനിധീകരിക്കുന്ന മൂന്നാം കക്ഷികളും ഈ പെരുമാറ്റച്ചട്ടത്തിനും ഞങ്ങളുടെ ചട്ടങ്ങൾ പാലിക്കുന്ന സംസ്കാരത്തിനും അനുസൃതമായി സ്വയം പ്രവർത്തിക്കേണ്ടതുണ്ട്.
ഇനിപ്പറയുന്നവ ഉൾപ്പടെ, ഈ പെരുമാറ്റച്ചട്ടം പ്രയോഗത്തിൽ വരുത്തുന്നതിനും നടപ്പിലാക്കുന്നതിനും BrandSafway-യുടെ ചീഫ് കംപ്ലയന്സ് ഓഫീസർക്ക് ഉത്തരവാദിത്തമുണ്ട്:

- ആവശ്യമായതു പോലെയും പ്രാദേശിക നിയമങ്ങൾക്കനുസൃതമായും പെരുമാറ്റച്ചട്ടത്തിന്റെ സുസ്ഥിരമായ നിർവ്വഹണത്തിനും പാലനത്തിനും മേൽനോട്ടം വഹിക്കുക;
- പെരുമാറ്റച്ചട്ടത്തിന്റെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ലംഘനങ്ങളെക്കുറിച്ച് അന്വേഷണം നടത്തുകയോ മേൽനോട്ടം വഹിക്കുകയോ ചെയ്യുക;
- പെരുമാറ്റ ദൂഷ്യങ്ങൾക്ക് എതിരേ സന്ദർഭോചിതമായി പ്രതികരിക്കുകയും ഏതെങ്കിലും തരത്തിലുള്ള പെരുമാറ്റ ദൂഷ്യങ്ങൾ ആവർത്തിക്കാതിരിക്കാന് നടപടികൾ സ്വീകരിക്കുകയും ചെയ്യുക;
- ഏതെങ്കിലും പെരുമാറ്റ ദൂഷ്യവുമായോ ഈ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനവുമായോ ബന്ധപ്പെട്ട പ്രതികരണമെന്നോണം, തൊഴിലിൽനിന്ന് താൽക്കാലികമായി മാറ്റി നിർത്തലും പിരിച്ചു വിടലും അടക്കം, എന്നാൽഅതിൽപരിമിതപ്പെടാത്ത, സന്ദർഭോചിതമായ അച്ചടക്ക നടപടികൾഉറപ്പാക്കുകയും നടപ്പാക്കുകയും ചെയ്യുക;

- പെരുമാറ്റച്ചട്ടത്തിൽ വിവക്ഷിക്കുന്ന വിഷയങ്ങളിൽ ആവശ്യമായതും അംഗീകാരിച്ചിട്ടുള്ളതുമായ പരിശീലന പരിപാടികൾ ഏകോപിപ്പിച്ച് നടത്തുക; കൂടാതെ,
- BrandSafway പെരുമാറ്റച്ചട്ടം സംബന്ധിച്ച് ജീവനക്കാർക്ക് അല്ലെങ്കിൽ ഈ പെരുമാറ്റച്ചട്ടം ബാധകമാകുന്ന മൂന്നാം കക്ഷികൾക്ക്, അവരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുക.

### BrandSafway പെരുമാറ്റച്ചട്ടവും നയങ്ങളും ബാധകമാകുന്ന ഇടങ്ങൾ

BrandSafway ബിസിനസ്സ് നടത്തുന്ന എവിടെയും BrandSafway പെരുമാറ്റച്ചട്ടവും ബാധകമായ കമ്പനി നയങ്ങളും നിയമം അനുവദിക്കുന്നിടത്തോളം ബാധകമായിരിക്കും. BrandSafway ലോകത്തുടനീളം ബിസിനസ്സ് നടത്തുന്നതിനാൽ, ഞങ്ങളുടെ പ്രവർത്തനങ്ങൾ നിരവധി വ്യത്യസ്ത രാജ്യങ്ങളുടെയും സർക്കാരുകളുടെയും ഏജൻസികളുടെയും നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

ഈ പെരുമാറ്റച്ചട്ടത്തിന് പുറമേ, ജോലി ചെയ്യുന്ന അല്ലെങ്കിൽ ഇടപാടുകൾ നടത്തുന്ന സ്ഥലത്തെ പ്രാദേശിക നിയമങ്ങളും ചട്ടങ്ങളും മനസ്സിലാക്കാനും അവ പാലിക്കാനും ഓരോ വ്യക്തിയ്ക്കും ഉത്തരവാദിത്തമുണ്ടായിരിക്കും. പ്രാദേശിക നിയമങ്ങൾക്ക് പുറമേ, നിങ്ങളുടെ പ്രാദേശിക ബിസിനസുകളും പ്രവർത്തനങ്ങളും വിദേശ നിയമങ്ങൾക്ക് വിധേയമായേക്കാമെന്നും നിങ്ങൾ അറിഞ്ഞിരിക്കണം. ഉദാഹരണത്തിന്, BrandSafway-യുടെ ആഗോള പ്രവർത്തനങ്ങൾ യുഎസ് ഫോറിന് കറപ്റ്റ് പ്രാക്ടീസ് നിയമത്തിനും യുകെ ബ്രൈബറി നിയമത്തിനും വിധേയമാണ്.

നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് ബാധകമായ നിലവിലുള്ള നിയമങ്ങളെക്കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും ചോദ്യങ്ങളുണ്ടെങ്കിൽ, നിങ്ങൾ BrandSafway-യുടെ ചീഫ് കംപ്ലയന്സ് ഓഫീസറുമായോ BrandSafway-യുടെ നിയമ വകുപ്പുമായോ ബന്ധപ്പെടേണ്ടതാണ്.



# നിങ്ങളിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നത്

ഞങ്ങളുടെ ചട്ടങ്ങൾ പാലിക്കുന്നതും നൈതികതയിലൂന്നിയുള്ള പെരുമാറ്റത്തിന്റെയും സംസ്കാരം, ഓരോ BrandSafway ജീവനക്കാരനും BrandSafway പെരുമാറ്റച്ചട്ടം ശരിയായി മനസ്സിലാക്കുന്നതിനേയും അത് പ്രായോഗികമാക്കിത് തീർക്കുന്നതിനേയും ആശ്രയിച്ചാണിരിക്കുന്നത്. ഞങ്ങളുടെ സത്യനിഷ്ഠതയെക്കുറിച്ചുള്ള സൽപ്പേർനിലനിർത്തുന്നതിലും നീതിപൂർണ്ണതയുള്ളതും എല്ലാത്തരം സാമൂഹിക വൈവിദ്ധ്യങ്ങളേയും ഉൾക്കൊള്ളുകയും ചെയ്യുന്ന ഒരു സംസ്കാരം സൃഷ്ടിക്കാൻ ഞങ്ങളെ സഹായിക്കുന്നതിനുമുള്ള നിങ്ങളുടെ പങ്കിന്റെ പ്രാധാന്യം നിങ്ങൾ മനസ്സിലാക്കേണ്ടത് വളരെ പ്രധാനമാണ്. ഓരോ BrandSafway ജീവനക്കാരിൽ നിന്നും ഇനിപ്പറയുന്നവ ഞങ്ങൾ പ്രതീക്ഷിക്കുന്നു:

I. ഞങ്ങളുടെ പെരുമാറ്റച്ചട്ടവും നയങ്ങളും മനസ്സിലാക്കുക:

- BrandSafway പെരുമാറ്റച്ചട്ടം വായിക്കുകയും മനസ്സിലാക്കുകയും പാലിക്കുകയും ചെയ്യുക.
- നൈതികത സംബന്ധിച്ചുള്ളതും ചട്ടങ്ങളുടെ പാലനം സംബന്ധിച്ചുള്ളതുമായ ആവശ്യമായ എല്ലാ പരിശീലന പരിപാടികളിലും പങ്കെടുക്കുക.
- നിങ്ങളുടെ ജോലി, ബിസിനസ്സ് യൂണിറ്റ്, സ്ഥലം എന്നിവയ്ക്ക് നിശ്ചിതമായ നയങ്ങളും നിയന്ത്രണങ്ങളും മനസ്സിലാക്കുക.
- പെരുമാറ്റച്ചട്ടത്തിന്റെ ഏതെങ്കിലും വശങ്ങളെക്കുറിച്ച് വിശദീകരണം ആവശ്യമാണെങ്കിൽ നിങ്ങളുടെ മാനേജരെ, ഹ്യൂമന് റിസോഴ്സ് പ്രതിനിധിയെ അല്ലെങ്കിൽ BrandSafway ചീഫ് കംപ്ലയൻസ് ഓഫീസറെ ബന്ധപ്പെടുക.

II. സത്യനിഷ്ഠതയോടെ പ്രവർത്തിക്കുക:

- നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് സത്യസന്ധമായും കൃത്യമായും വിശദീകരണം നൽകുക.
- മറ്റൊരു വ്യക്തി നിർദ്ദേശിച്ചാലും നിങ്ങളുടെ വ്യക്തിപരമായ സത്യനിഷ്ഠയിൽ വിട്ടുവീഴ്ച ചെയ്യരുത്. മറ്റൊരു വ്യക്തിയുടെ നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്നത് ഈ പെരുമാറ്റച്ചട്ടം ലംഘിക്കുന്നതിനുള്ള ഒരു ന്യായീകരണമല്ലെന്ന് ഓർമ്മിക്കുക.
- ഈ പെരുമാറ്റച്ചട്ടമോ ഏതെങ്കിലും നിയമമോ അല്ലെങ്കിൽ വ്യവസ്ഥയോ ലംഘിക്കുന്നതിന് മറ്റൊരു വ്യക്തിയോട് ഒരിക്കലും അഭ്യർത്ഥിക്കരുത്.
- ഈ പെരുമാറ്റച്ചട്ടവും ബാധകമായ കമ്പനി നയങ്ങളും നിങ്ങളുടെ ഡിവിഷന്റെ നിശ്ചിത നയങ്ങളും ബാധകമായ നിയമങ്ങളും വ്യവസ്ഥകളും മനസ്സിലാക്കുകയും അവ പാലിക്കുകയും ചെയ്യുക.

III. പ്രതികരിക്കുക:

- നൈതികത, വിവേചനം അല്ലെങ്കിൽ ദ്രോഹപരമായ പ്രവർത്തികൾ തുടങ്ങിയവ സംബന്ധിച്ച സത്യനിഷ്ഠയുമായി ബന്ധപ്പെട്ട വിഷയങ്ങളോ ചോദ്യങ്ങളോ ഉയർത്തുന്നതിനും യഥാസമയം ഉന്നയിക്കുന്നതിനും, ഈ പെരുമാറ്റച്ചട്ടത്തിന്റെയും മറ്റ് ബാധകമായ നിയമങ്ങളുടേയും ചട്ടങ്ങളുടേയും ഞങ്ങളുടെ നയങ്ങളുടേയും സംശയിക്കപ്പെടുന്ന ലംഘനങ്ങളും റിപ്പോർട്ടുചെയ്യുന്നതിനും BrandSafway ജീവനക്കാരെ ശക്തമായി പ്രോത്സാഹിപ്പിക്കുന്നു.
- BrandSafway ഇനിപ്പറയുന്നവർക്ക് എതിരേ പ്രതികാരപരമായ പ്രവർത്തികൾ പൂർണ്ണമായും തടഞ്ഞിരിക്കുന്നു
- സത്യനിഷ്ഠയുമായി ബന്ധപ്പെട്ട ഒരു വിഷയം ഉന്നയിക്കുകയോ അതിന് പരിഹാരം കാണുന്നതിനായി സഹായിക്കുകയോ ചെയ്യുന്നവർക്ക്. ഒരു ഉൽക്കണ്ഠ ഉന്നയിച്ച ശേഷം നിങ്ങൾക്കെതിരെ പ്രതികാര നടപടികൾകൈക്കൊണ്ടെന്നോ ന്യായരഹിതമായി പെരുമാറിയെന്നോ നിങ്ങൾക്ക് തോന്നുകയാണെങ്കിൽമറ്റേത്സത്യസന്ധതയുടെ പ്രശ്നവും പോലെ തന്നെ ഇതും നിങ്ങൾറിപ്പോർട്ട് ചെയ്യുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. പ്രതികാരപരമായ പ്രവർത്തിയിലേർപ്പെടുന്നത്, കുറ്റം ചെയ്യുന്ന വ്യക്തിയെ ജോലിയിൽ നിന്ന് താൽക്കാലികമായി നീക്കുന്നതും പിരിച്ചു വിടുന്നതും ഉൾപ്പെടെയുള്ളവയാണെങ്കിലും അതിൽപരിമിതപ്പെടാത്ത അച്ചടക്ക നടപടികൾക്ക് വിധേയമാക്കിയേക്കാം.
- സത്യനിഷ്ഠയുമായി ബന്ധപ്പെട്ട വിഷയം ഉന്നയിക്കുന്നതിന് നിങ്ങൾക്ക് നിരവധി രീതികൾ
- ഉപയോഗിക്കാവുന്നതാണ് സാഹചര്യത്തിന് അനുയോജ്യമായതും ഉപയോഗിക്കുന്നതിന് നിങ്ങൾക്ക് ഏറ്റവും അനായാസമായതുമായ മാദ്ധ്യമവും ഭാഷയും ഉപയോഗിക്കേണ്ടതാണ്. ഭൂരിഭാഗം അവസരങ്ങളിലും നിങ്ങൾക്ക് നേരെ മുകളിലുള്ള സൂപ്പർവൈസർക്ക് അല്ലെങ്കിൽ മാനേജർക്ക് അല്ലെങ്കിൽ ഹ്യൂമൻ റിസോഴ്സ് പ്രതിനിധിക്ക്, സത്യനിഷ്ഠയുമായി ബന്ധപ്പെട്ട ഒരു വിഷയം കൈകാര്യം ചെയ്യുന്നതിനും പരിഹരിക്കാനും കഴിയുമെങ്കിലും, ഇവ മാത്രമല്ല നിങ്ങൾക്ക് മുൻപിലുള്ള മാർഗ്ഗങ്ങൾ. മറ്റ് റിപ്പോർട്ടിംഗ് സ്രോതസ്സുകളിൽ അടുത്ത തലത്തിലുള്ള മാനേജ്മെന്റ്, കമ്പനി ഓഡിറ്റർമാർ, ചീഫ് കംപ്ലയൻസ് ഓഫീസർ, ഞങ്ങളുടെ ബോർഡിലെ ഡയറക്ടർമാർ അല്ലെങ്കിൽ ഞങ്ങളുടെ എത്തിക്സ്പോയിന്റ് ഹോട്ട് ലൈൻ (EthicsPoint Hotline) എന്നിവ ഉൾപ്പെടുന്നു. എത്തിക്സ്പോയിന്റ് ഹോട്ട് ലൈൻ ഉപയോഗിച്ച് ഒരു റിപ്പോർട്ട് എങ്ങനെ ഫയൽ ചെയ്യാമെന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ നിങ്ങളുടെ ജോലിസ്ഥലത്ത് കാണാം.

- നിങ്ങളുടെ രഹസ്യാത്മകതയെ ഞങ്ങൾ മാനിക്കുന്നതാണ്. കൂടാതെ, നിങ്ങൾ നൽകുന്ന വിവരങ്ങളിലേക്ക്
- പ്രാപ്യത ലഭിക്കുന്നത്, സത്യനിഷ്ഠയുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് അന്വേഷിക്കുന്നതിനും പരിഹരിക്കുന്നതിനും ആവശ്യമായ ആളുകൾക്ക് മാത്രമായിരിക്കും. ആവശ്യമായിടത്തോളം ഒഴികെ, നിങ്ങളുടെ തിരിച്ചറിയൽ വിവരങ്ങളോ വ്യക്തിഗത വിശദാംശങ്ങളോ റിപ്പോർട്ട് അന്വേഷിക്കുന്നതിനായി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് ഒഴിച്ച് മറ്റാർക്കും വെളിപ്പെടുത്തില്ല.
- ലഭ്യമായിടത്തും നിയമം അനുവദിക്കുകയും ചെയ്യുന്ന സ്ഥലത്ത്, നിങ്ങൾക്ക്
- EthicsPoint Hotline-ലൂടെ സമ്പൂർണ്ണമായും അജ്ഞാതമായ ഒരു റിപ്പോർട്ട് തയ്യാറാക്കാവുന്നതാണ്. എന്നാൽ, ഇത് റിപ്പോർട്ടിനെക്കുറിച്ച് അന്വേഷണം നടത്തുന്നത് ഞങ്ങൾക്ക് കൂടുതൽ വിഷമകരമാക്കിത്തീർക്കും. നിങ്ങളുടെ റിപ്പോർട്ട്
- അജ്ഞാതമാക്കിയ നിലയിലായിരിക്കുകയും നിങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള വിശദാംശങ്ങൾ നിങ്ങൾ നൽകാതിരിക്കുകയും ചെയ്താൽ അന്വേഷണത്തിന്റെ സ്ഥിതിയെക്കുറിച്ച് നിങ്ങൾക്ക് വിവരങ്ങൾ നൽകാന് ഞങ്ങൾക്ക് കഴിയില്ല. സത്യനിഷ്ഠയുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് അജ്ഞാത റിപ്പോർട്ടിംഗ് നടത്തുന്നത് സംബന്ധിച്ച നിയമങ്ങൾ നിരവധി രാജ്യങ്ങളിൽ വ്യത്യസ്തമാണ്. ഉദാഹരണത്തിന്, നിരവധി രാജ്യങ്ങളും (പ്രാഥമികമായി യൂറോപ്യൻ യൂണിയനിൽ) അജ്ഞാതമായ നിലയിൽ റിപ്പോർട്ടിംഗ് നടത്തുന്നത് നിരോധിക്കുകയോ സാമ്പത്തികപരം, അക്കൗണ്ടിംഗ്, ബാങ്കിംഗ്, അഴിമതി-വിരുദ്ധത എന്നിവയ്ക്കുള്ള ആന്തരിക നിയന്ത്രണങ്ങളുടെ ലംഘനങ്ങളിലേക്ക് മാത്രമായി അജ്ഞാത റിപ്പോർട്ടിംഗ് പരിമിതപ്പെടുത്തുകയോ ചെയ്തിട്ടുണ്ട്.
- ബോധപൂർവ്വം വ്യാജമായ ഒരു ആരോപണം ഉന്നയിക്കുകയോ വ്യാജ വിവരങ്ങൾ നൽകുകയോ ചെയ്യുന്നത് നിങ്ങളെ ജോലിയിൽ നിന്ന് താൽക്കാലികമായി നീക്കം ചെയ്യുന്നതും പിരിച്ചു വിടുന്നതും ഒപ്പം/അല്ലെങ്കിൽ ബാധകമായ നിയമപ്രകാരം ക്രിമിനൽ ഒപ്പം/അല്ലെങ്കിൽ സിവിൽ നടപടികൾ സ്വീകരിക്കുന്നതും വരെയുള്ളത് ഉൾപ്പെടെ, എന്നാൽ അതിൽ മാത്രം പരിമിതപ്പെടാതെയുള്ള, അച്ചടക്ക നടപടികൾക്ക് കാരണമായിത്തീർന്നേക്കാവുന്നതാണ്.



# BrandSafway-യിൽ നേതൃസ്ഥാനങ്ങളിലുള്ളവരിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നത്

ചട്ടങ്ങൾ പാലിക്കുന്ന ഒരു സംസ്കാരം സൃഷ്ടിക്കുന്നതും സത്യനിഷ്ഠയുടെ ആത്മാവിനെ മുറുകെപ്പിടിക്കുന്നതും BrandSafway-യുടെ നേതൃസ്ഥാനത്തുള്ള ഓരോ വ്യക്തിയുടേയും പ്രധാന ഉത്തരവാദിത്തങ്ങളാണ്. മാതൃകയാക്കുന്നതിനും നൈതികതയുടെ ഉന്നതമായ നിലവാരങ്ങൾഉയർത്തിപ്പിടിക്കുന്നതിനും BrandSafway -യിൽ നേതൃനിരയിൽഉള്ള എല്ലാവരെയും ഞങ്ങൾക്ക് ആശ്രയിക്കേണ്ടതുണ്ട്. നിങ്ങൾ ഒരു ഓഫീസറോ ഡയറക്ടറോ സൂപ്പർവൈസറോ അല്ലെങ്കിൽ ഒരു ചെറിയ ടീമിന്റെ മാനേജരോ ആരുമായിക്കോട്ടെ, BrandSafway-യിൽ നേതൃ സ്ഥാനം വഹിക്കുന്ന ഓരോ വ്യക്തിയിൽ നിന്നും ഞങ്ങൾ ഇനിപ്പറയുന്നവ പ്രതീക്ഷിക്കുന്നുണ്ട്:

### I. മാതൃക കാട്ടി നേതൃത്വം നൽകുക

- സത്യനിഷ്ഠയോടെ പ്രവർത്തിക്കുകയെന്നതും ഈ പെരുമാറ്റച്ചട്ടങ്ങളുടെ തത്വങ്ങൾക്കും ഞങ്ങളുടെ നയങ്ങൾക്കും നിയമത്തിനും അനുസൃതമായി പ്രവർത്തിക്കുകയെന്നതും കൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങളുടെ പ്രവർത്തനങ്ങളിലൂടെയും പെരുമാറ്റത്തിലൂടെയും കാണിച്ചു കൊടുക്കുക.
- കീഴുദ്യോഗസ്ഥരുടെ വിലയിരുത്തലിൽ ചട്ടങ്ങളുടെ പാലനവും സത്യനിഷ്ഠയും പരിഗണിക്കുക; കൂടാതെ,
- ബിസിനസ്സിൽ ലാഭം ഉണ്ടാക്കുന്നതിനായി സത്യനിഷ്ഠയുടെ അന്ത:സത്തയിൽ അനുരഞ്ജനം കാണിക്കുന്നില്ലെന്ന് അല്ലെങ്കിൽ ഈ പെരുമാറ്റച്ചട്ടത്തിന്റെയോ ഞങ്ങളുടെ നയങ്ങളുടെയോ നിയമത്തിന്റെയോ പാലനത്തിൽ വിട്ടുവീഴ്ച ചെയ്യുന്നില്ലെന്ന് ഉറപ്പാക്കുക.

### II. ചട്ടങ്ങൾ പാലിക്കുന്നതിന് പ്രോൽസാഹനം നൽകുക.

- ഈ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനം ഗുരുതര സ്വഭാവത്തോടെ കാണുകയും പ്രതികാര നടപടികൾ ഭയക്കാതെ സ്വന്തം പ്രശ്നങ്ങൾ പ്രകടിപ്പിക്കുന്നതിന് ജീവനക്കാരെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുക;
- സത്യനിഷ്ഠ സംബന്ധിച്ച വിഷയം സംബന്ധിച്ച് ജീവനക്കാരുമായി ഒരു സജീവമായി ആശയവിനിമയം തുടർന്നു കൊണ്ടിരിക്കുക; കൂടാതെ,
- ഈ പെരുമാറ്റച്ചട്ടത്തിന്റെയും ഞങ്ങളുടെ നയങ്ങളുടെയും പാലനം സംബന്ധിച്ച് ഞങ്ങൾക്കുള്ള പ്രതീക്ഷകളെക്കുറിച്ചും അവ നടപ്പിൽ വരുത്തുമ്പോൾ അവയിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും ജീവനക്കാരുമായി സംസാരിക്കുക.

### III. ജീവനക്കാരുടെ പ്രശ്നങ്ങളോട് പ്രതികരിക്കുക

- ജീവനക്കാരുടെ പ്രശ്നങ്ങളെ ആദരവോടെ പരിഗണിക്കുക. അവ ഗൗരവത്തോടെ പരിഗണിക്കുകയും രഹസ്യസ്വഭാവം നിലനിർത്തിക്കൊണ്ടു തന്നെ യഥാസമയം അവ കൈകാര്യം ചെയ്യുകയും ചെയ്യുക.
- ഈ പെരുമാറ്റച്ചട്ടത്തിന്റെയും ഞങ്ങളുടെ നയങ്ങളുടേയും അല്ലെങ്കിൽ നിയമത്തിന്റേയും ലംഘനങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് ജീവനക്കാരെ പ്രോത്സാഹിപ്പിക്കുക.
- ഒരു ജീവനക്കാരൻ കൃത്യമായ വിധത്തിൽ റിപ്പോർട്ട് ചെയ്യുന്നില്ലെങ്കിൽ, ചട്ടലംഘനം ഉണ്ടായതായി വിവരം ലഭിക്കുന്ന നേതൃത്വ നിരയിലുള്ളവർ തന്നെ അവ ശരിയായി റിപ്പോർട്ട് ചെയ്യപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ട്.
- അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു അച്ചടക്ക നടപടി സ്വീകരിക്കുക; അന്വേഷണം പൂർത്തിയായതിന് ശേഷം.

### IV. ഉത്തരവാദിത്തമുള്ളവരായിരിക്കുക

- BrandSafway-യുടെ നയങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും നൈതികപരമായ ഇടപാടുകൾ പ്രോൽസാഹിപ്പിക്കുന്നതിലും BrandSafway-യിൽ നേതൃ നിരയിലുള്ളവർ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ചില രാജ്യങ്ങളിൽ, നേതൃ നിരയിലുള്ളവരുടെ നിർദ്ദേശപ്രകാരം ജീവനക്കാർ ഈ പെരുമാറ്റച്ചട്ടത്തിന്റെയോ ഞങ്ങളുടെ നയങ്ങളുടെയോ നിയമത്തിന്റെയോ ലംഘനങ്ങൾ നടത്തുന്നുവെങ്കിൽ, BrandSafway നേതൃ നിരയിലുള്ളവരെ ഉത്തരവാദികളാക്കിയേക്കാം.

# സത്യനിഷ്ഠയുമായി ബന്ധപ്പെട്ട ഒരു പ്രശ്നം ഉയരുമ്പോൾ എന്താണ് സംഭവിക്കുക?

### I. അന്വേഷണങ്ങൾ

- ഈ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനങ്ങൾ ഉൾപ്പെടെ, സത്യനിഷ്ഠയുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ പ്രശ്നങ്ങളെക്കുറിച്ചും യഥാസമയം അന്വേഷണം നടത്തുന്നതിന് ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. നീതിപൂർവ്വവും വിജയകരവുമായ അന്വേഷണം നടത്തുന്നതിനായി, അതുമായി ബന്ധപ്പെട്ട എല്ലാവരുടെയും സഹകരണവും രഹസ്യ സ്വഭാവവും ആവശ്യമാണ്. നിങ്ങൾ ഒരു അന്വേഷണത്തിന്റെ ഭാഗമാണെങ്കിലോ ഒരു അന്വേഷണവുമായി ബന്ധപ്പെട്ട് നിങ്ങൾ ചോദ്യം ചെയ്യപ്പെട്ടു കൊണ്ടിരിക്കുകയാണെങ്കിലോ, നിങ്ങളുടെ സത്യസന്ധത, സത്യനിഷ്ഠ, രഹസ്യാത്മകത സൂക്ഷിക്കൽ എന്നിവയ്ക്കായി നിങ്ങളിൽ വിശ്വാസമർപ്പിക്കുന്നതിന് ഞങ്ങൾക്ക് കഴിയേണ്ടതുണ്ട്.

- ചീഫ് കംപ്ലയൻസ് ഓഫീസറുടെ പങ്ക് - സത്യനിഷ്ഠയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അന്വേഷിക്കുന്നതിനുള്ള ഉത്തരവാദിത്തം കംപ്ലയൻസ് ഓഫീസർക്കാണ്; ഒപ്പം അന്വേഷണത്തിന്റെ ഭാഗങ്ങളിലേക്ക് മറ്റുള്ളവരെ നിയുക്തമാക്കിയേക്കാവുന്നതുമാണ്. അന്വേഷണവുമായി ബന്ധപ്പെട്ട വിവരങ്ങൾ രഹസ്യ സ്വഭാവത്തോടെ നടക്കുന്നതാണ്. നിയമപ്രകാരം ആവശ്യമുണ്ടാകുമ്പോൾ, BrandSafway-യുടെ നിയമോപദേശ സംഘത്തിന്റെ ഉപദേശപ്രകാരം അല്ലെങ്കിൽ മറ്റു വിധത്തിൽ അനുയുക്തമായ രീതിയിൽ, അന്വേഷണത്തിന് കീഴിലുള്ള കാര്യങ്ങൾ ചീഫ് കംപ്ലയൻസ് ഓഫീസർ ബാഹ്യ അധികൃതർക്കോ അത്തരം വിവരങ്ങൾ ആവശ്യമുള്ള BrandSafway-യ്ക്കുള്ളിലെ മറ്റുള്ളവർക്കോ ഇക്കാര്യം റിപ്പോർട്ട് ചെയ്യുകയും പ്രസക്തമായ വിവരങ്ങൾ നൽകുകയും ചെയ്തേക്കാം. നടന്നു കൊണ്ടിരിക്കുന്ന അന്വേഷണത്തിന്റെ സ്ഥിതിയും ബാധകമായ സംഭവഗതികളും ഡയറക്ടർ ബോർഡിന്റെ ഓഡിറ്റ് കമ്മിറ്റിക്ക് ചീഫ് കംപ്ലയൻസ് ഓഫീസർ പതിവായി റിപ്പോർട്ട് ചെയ്യേണ്ടത് ആവശ്യമാണ്.

- ഞങ്ങളുടെ ജീവനക്കാരുടെ പങ്ക് - ഈ പെരുമാറ്റച്ചട്ടം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജീവനക്കാരുടെ സഹകരണവും അന്വേഷണത്തിന്റെ രഹസ്യ സ്വഭാവവും അത്യന്താപേക്ഷിതമാണ്. സത്യനിഷ്ഠയുമായി ബന്ധപ്പെട്ടുള്ള പ്രശ്നം സംബന്ധിച്ച ഏതെങ്കിലും അന്വേഷണത്തിൽ എല്ലാ ജീവനക്കാരും സഹകരിക്കുമെന്നും അന്വേഷണത്തിന്റെ രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കുമെന്നും പ്രതീക്ഷിക്കപ്പെടുന്നു.

### II. ഈ പെരുമാറ്റച്ചട്ടം ലംഘിക്കുന്നതിനുള്ള പിഴകൾ

ഞങ്ങൾ ഈ പെരുമാറ്റച്ചട്ടത്തെ വളരെ ഗൗരവമായിട്ടാണ് കാണുന്നത്. ഈ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനം പ്രാദേശിക നിയമത്തിന് വിധേയമായി, നിങ്ങളെ ജോലിയിൽ നിന്ന് താൽക്കാലികമായി നീക്കം ചെയ്യുന്നതും പിരിച്ചു വിടുന്നതും ഒപ്പം/ അല്ലെങ്കിൽ ബാധകമായ നിയമപ്രകാരം ക്രിമിനൽ ഒപ്പം/അല്ലെങ്കിൽ സിവിൽ നടപടികൾ സ്വീകരിക്കുന്നതും വരെയുള്ളത് ഉൾപ്പെടെ, എന്നാൽ അതിൽ മാത്രം പരിമിതപ്പെടാതെയുള്ള, അച്ചടക്ക നടപടികൾക്ക് കാരണമായിത്തീർന്നേക്കാവുന്നതാണ്. അനുയോജ്യമായ സ്ഥലങ്ങളിലും സാഹചര്യങ്ങളിലും ഈ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനം, അന്വേഷണത്തിന് വേണ്ടിയോ കോടതി വ്യവഹാരത്തിനായോ നഷ്ടപരിഹാരത്തിനായോ ബന്ധപ്പെട്ട അധികാരികൾക്ക് റഫർ ചെയ്യാം. പ്രാദേശിക നിയമത്തിന് വിധേയമായി, ഇനി പറയുന്നതു പോലെയുള്ള ഈ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനത്തിന്, BrandSafway ജീവനക്കാരും അച്ചടക്ക നടപടികൾക്ക് വിധേയമായേക്കാം:

- ഈ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനത്തിന് സമ്മതം നൽകുകയോ അതിൽ പങ്കാളിയായിത്തീരുകയോ ചെയ്യുക;
- അന്വേഷണ കാലയളവിൽ വിവരങ്ങൾ ബോധപൂർവ്വം തടഞ്ഞുവയ്ക്കുകയോ തെറ്റായ അല്ലെങ്കിൽ തെറ്റിദ്ധാരണാജനകമായ വിവരങ്ങൾ നൽകുകയോ ചെയ്യുക;
- കീഴുദ്യോഗസ്ഥർക്ക് മേൽ വേണ്ടത്ര മേൽനോട്ടം വഹിക്കുന്നതിൽ പരാജയപ്പെടുന്നതിന്റെ ഫലമായുണ്ടാകുന്ന പെരുമാറ്റച്ചട്ട ലംഘനങ്ങൾ; കൂടാതെ
- സത്യനിഷ്ഠ സംബന്ധിച്ച വിഷയം ഉന്നയിക്കുന്ന ഒരാൾക്കെതിരായി പ്രതികാരപരമായ പ്രവർത്തികൾ അല്ലെങ്കിൽ പകരം വീട്ടൽ.



# എങ്ങനെയാണ് ബിസിനസ്സ് നടത്തേണ്ടത്

ഒരു കമ്പനി എന്ന നിലയിൽ ഞങ്ങൾ ആരാണെന്നതിന്റെ ഒരു സുപ്രധാന പ്രതിഫലനമാണ് ഞങ്ങൾ ബിസിനസ്സ് നടത്തുന്ന വിധം. BrandSafway-യുടെ ഉപഭോക്താക്കളുമായും സപ്ലൈയർമാരുമായും വിപണിയിൽ മൽസരിക്കുന്നവരുമായും ജീവനക്കാരുമായും നാം എപ്പോഴും സത്യസന്ധതയോടും നീതിപൂർണ്ണതയോടും സത്യനിഷ്ഠയോടും കൂടി ഇടപെടേണ്ടതാണ്. BrandSafway-യുടെ ഒരു പ്രതിനിധിയായി പ്രവർത്തിക്കുമ്പോൾ മറ്റുള്ളവരെ മുതലെടുക്കുന്നതിനായി കൗശലം, വസ്തുതകൾ മറച്ചുവെക്കൽ, പ്രത്യേകാവകാശ വിവരങ്ങൾ ദുരുപയോഗം ചെയ്യൽ, വസ്തുതകൾ തെറ്റായി നൽകൽ അല്ലെങ്കിൽ നീതിയുക്തമല്ലാത്ത മറ്റേതെങ്കിലും ഇടപെടൽ ഉപയോഗിക്കരുത്.

## I. സാമൂഹിക ഉത്തരവാദിത്തം

ഒരു നല്ല കോർപ്പറേറ്റ് പൗരനെന്ന നിലയിൽ BrandSafway അതിന്റെ പങ്കിൽ വിശ്വസിക്കുകയും അടിസ്ഥാന മനുഷ്യാവകാശങ്ങളുടെ സംരക്ഷണത്തിനുള്ള പിന്തുണ പ്രഖ്യാപിക്കുകയും നിയമവിരുദ്ധമായ വിവേചനവും മനുഷ്യക്കടത്തും ഉൾപ്പെടെയുള്ള മനുഷ്യാവകാശങ്ങൾ ദുരുപയോഗം ചെയ്യുന്ന ബിസിനസ്സ് രീതികൾ ഒഴിവാക്കാനുള്ള പ്രതിജ്ഞാബദ്ധതയും പ്രകടിപ്പിക്കുകയും ചെയ്യുന്നു. ജീവനക്കാരുടെ ക്ഷേമം, പരിസ്ഥിതി, സുരക്ഷിതത്വം, ആരോഗ്യം, പ്രാദേശികമായ സാമൂഹിക വിഭാഗങ്ങളിൽ ഞങ്ങളുടെ പ്രവർത്തനങ്ങളുണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങൾ എന്നിവ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുക എന്നാണ് ഇതിനർത്ഥം.

ജീവനക്കാരുടെ ജോലിക്ക് വിഘാതമുണ്ടാകാത്തിടത്തോളം, ജീവകാരുണ്യ പ്രവർത്തനങ്ങൾ അല്ലെങ്കിൽ രാഷ്ട്രീയ ഇടപെടൽ പോലുള്ള വഴികളിലൂടെ ജീവനക്കാരെ അവരുടെ പ്രാദേശിക സാമൂഹിക വിഭാഗങ്ങളിൽ സജീവമായിരിക്കാൻ BrandSafway പ്രോത്സാഹിപ്പിക്കുന്നുണ്ട്; പക്ഷേ ഇത് അവശ്യമായും ചെയ്യേണ്ടതില്ല. എങ്കിലും, ഒരു ജീവനക്കാരനിലും സമ്മർദ്ദം ചെലുത്തുകയോ പ്രാദേശിക സാമൂഹിക വിഭാഗങ്ങളിൽ സജീവമായിരിക്കുന്നതിനോ ജീവകാരുണ്യ അല്ലെങ്കിൽ രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് സമയമോ പണമോ സംഭാവന ചെയ്യുന്നതിനോ നിർബന്ധിക്കാന്പാടില്ല.

ബാധകമായ കമ്പനി നയങ്ങൾക്ക് അനുസൃതമായി മാത്രമേ BrandSafway ഫണ്ടുകൾഅല്ലെങ്കിൽ ആസ്തികൾ ജീവകാരുണ്യ അല്ലെങ്കിൽ രാഷ്ട്രീയ സംഭാവനകൾ നൽകാനാകൂ.

## II. കരാറുകാരുമായും സപ്ലൈയർമാരുമായും ഉള്ള ഇടപാടുകൾ

വിപണിയിലെ BrandSafway-യുടെ ഇടപാടുകൾ, പക്ഷപാതപരമായ വ്യവഹാരമോ അനുചിതമായ സ്വാധീനമോ കൊണ്ട് കളങ്കപ്പെടുത്താൻ കഴിയില്ല. വ്യക്തവും വസ്തുനിഷ്ഠവുമായ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കരാറുകാരെയും സപ്ലൈയർമാരേയും തിരഞ്ഞെടുക്കണം. പ്രധാനപ്പെട്ട പരിഗണനകളിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു; വില, ഉൽപ്പന്നം, സേവനത്തിന്റെ മേന്മ, ഡെലിവറി ഷെഡ്യൂൾ, ധാർമ്മികപൂർണ്ണമായ ഇടപാടുകൾക്ക് നേടിയിട്ടുള്ള മതിപ്പ്, ഉന്നതമായ ആരോഗ്യ, സുരക്ഷാ, പാരിസ്ഥിതിക നിലവാരങ്ങൾ എന്നിവ.
BrandSafway അതിന്റെ കരാറുകാർ, സപ്ലൈയർമാർ, ഏജന്റുമാർ, പ്രതിനിധികൾ എന്നിവർ ഈ പെരുമാറ്റച്ചട്ടവും ബാധകമായ നിയമങ്ങളും മറ്റ് പ്രസക്ത BrandSafway നയങ്ങളും പാലിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## III. അനുചിതമായ പേയ്മെന്റുകൾ, അഴിമതി, കൈക്കൂലി

കൈക്കൂലി, കാര്യസാദ്ധ്യത്തിനായി നൽകുന്ന പണം അല്ലെങ്കിൽ നീതിയുക്തമല്ലാത്ത പാരിതോഷികങ്ങൾ അല്ലെങ്കിൽ ഏത് സാഹചര്യത്തിലും നേട്ടമുണ്ടാക്കാനായി നൽകുന്ന സമ്മാനങ്ങൾ എന്നിവ പോലെയുള്ള അനുചിതമായ പേയ്മെന്റുകൾ ഒരിക്കലും സ്വീകാര്യമല്ല. ലോകത്തുടനീളമുള്ള എല്ലാ രാജ്യങ്ങളിലും സർക്കാർ, സ്വകാര്യ മേഖലകളിലെ എല്ലാ ബിസിനസ്സ് ഇടപാടുകളിലും അനുചിതമായ പേയ്മെന്റുകൾ BrandSafway വ്യക്തമായി നിരോധിച്ചിരിക്കുന്നു. അനുചിതമായ പേയ് മെന്റുകളിൽ, മിക്കപ്പോഴും സർക്കാർ ഓഫീസുകളിൽ, ഇടപാടുകൾ വേഗത്തിലാക്കുന്നതിന് നൽകുന്ന 'കാര്യസാദ്ധ്യത്തിനുള്ള പണം' ഉൾപ്പെടുന്നു; അത്തരം കാര്യസാദ്ധ്യത്തിനുള്ള പേയ്മെന്റുകൾ നിയമപരമോ ഒരു പ്രാദേശിക സ്ഥലത്തെ നീതിന്യായപരിധിയിലെ ആചാരപരമോ ആണോ എന്നത് പരിഗണിക്കാതെ തന്നെ.

അനുചിതമായ പേയ്മെന്റുകൾ BrandSafway ബിസിനസ്സിന്റെ പ്രചാരണപരിപാടികളുമായി നേരിട്ട് ബന്ധപ്പെട്ട ന്യായമായതും പരിമിതപ്പെട്ടതുമായ ഉപഹാരങ്ങൾ, ബിസിനസ്സ് എന്റർടെയിൻമെന്റ്, ഉപഭോക്താവിന്റെ യാത്ര, താമസം എന്നിവയുടെ ചെലവുകൾ എന്നിവയുമായി തെറ്റിദ്ധരിക്കുവാൻ പാടുള്ളതല്ല - അതിന്റെ ഗുണഭോക്താവിന് ഇത് പരിമിതപ്പെടുത്തുന്ന ഒരു നയമില്ലാത്തിടത്തോളം. ഈ പെരുമാറ്റച്ചട്ടത്തിനും ഏതെങ്കിലും കമ്പനിയ്ക്ക്, ബിസിനസ്സിന് അല്ലെങ്കിൽ യാത്ര, വിനോദം എന്നിവയ്ക്ക് പോലെയുള്ള പ്രാദേശികമായ നയങ്ങൾക്ക് വിധേയമായി അല്ലെങ്കിൽ ബിസിനസ്സ് ചെലവുകൾ മടക്കി നൽകുന്നത് സംബന്ധിച്ച നയങ്ങൾക്ക് വിധേയമായി, ഈ ഇനങ്ങൾ സ്വീകാര്യമാണ്. ഓർമ്മിക്കുക, ബിസിനസ്സ് നേടുന്നതിനായി വ്യക്തിപരമായ പ്രലോഭനം നൽകുന്ന ഏതെങ്കിലും ഇനങ്ങൾ വാഗ്ദാനം ചെയ്യുകയോ ക്രമീകരിച്ചു നൽകുകയോ ചെയ്യുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു.

നിയമപരവും പ്രാദേശികവുമായ സമ്പ്രദായങ്ങൾക്ക് അനുസരണമായി, സേവനങ്ങൾക്ക് ടിപ്പുകൾ അല്ലെങ്കിൽ പാരിതോഷികങ്ങൾ നൽകാവുന്നതാണ്; എന്നിരുന്നാലും, അത്തരം പാരിതോഷികങ്ങൾ നൽകുന്ന പശ്ചാത്തലത്തെക്കുറിച്ച് നിങ്ങൾ വളരെ ശ്രദ്ധ പുലർത്തേണ്ടതാണ്; അതിലൂടെ, പാരിതോഷികങ്ങൾ നൽകുന്നത് കൈക്കൂലിയായി തെറ്റിദ്ധരിക്കപ്പെടാതിരിക്കും. തുകയോ

നൽകുന്ന രീതിയോ കൈക്കൂലിയാണെന്ന് സൂചന നൽകുന്നുവെങ്കിൽ, ഫീസോ കമ്മീഷനോ നൽകരുത്. എല്ലാ പേയ്മെന്റുകളും BrandSafway-യുടെ കണക്കു പുസ്തകങ്ങളിൽ വ്യക്തമായും കൃത്യമായും രേഖപ്പെടുത്തണം. സംശയകരമാണെന്ന് നിങ്ങൾ വിശ്വസിക്കുന്ന സാഹചര്യങ്ങളിൽ എന്തെങ്കിലും പണം നൽകുന്നതിനായി അഭ്യർത്ഥിക്കുകയാണെങ്കിൽ,

നിങ്ങളുടെ മാനേജരിൽ നിന്നോ ചീഫ് കംപ്ലയന്സ് ഓഫീസറിൽ നിന്നോ മാർഗ്ഗനിർദേശം തേടേണ്ടതാണ്. ജോലിക്കായി പരിഗണിക്കപ്പെടുന്നതിനും ജോലിയിൽ നിയമിക്കപ്പെടുന്നതിനും സ്ഥാനക്കയറ്റം നൽകുന്നതിനും സ്ഥലം മാറ്റം നടത്തുന്നതിനും ജോലിയിൽ നിലനിർത്തുന്നതിനും പകരമായി BrandSafway-യ്ക്ക് ഒരിക്കലും നിങ്ങളിൽ നിന്ന് എന്തെങ്കിലും ഫീസോ ആനുകൂല്യമോ ആവശ്യമില്ലാത്തതും അതിനായി ആവശ്യപ്പെടാത്തതും ആകുന്നു. ജോലി നൽകുന്നതിനായി പരിഗണിക്കുന്നതിന് പകരമായി ആരെങ്കിലും അത്തരമൊരു ഫീസ് അല്ലെങ്കിൽ ആനുകൂല്യത്തിനായി ആവശ്യപ്പെടുന്നത് ഈ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനമാണ്; ഇത് പെരുമാറ്റച്ചട്ടത്തിന്റെ ഒരു ലംഘനമായി റിപ്പോർട്ട് ചെയ്യണം.

### IV. താൽപ്പര്യ വൈരുദ്ധ്യങ്ങൾ

BrandSafway ജീവനക്കാർ അവരുടെ വ്യക്തിപരവും പ്രൊഫഷണൽ ആയതുമായ മറ്റ് പ്രവർത്തനങ്ങൾ BrandSafway-യിൽ അവർ നിർവ്വഹിക്കേണ്ട ഉത്തരവാദിത്തങ്ങൾക്ക് വിരുദ്ധമായിത്തീരുന്നില്ല എന്ന് ഉറപ്പാക്കണം. താൽപ്പര്യ വൈരുദ്ധ്യത്തിന്റെ രൂപമുള്ളതോ അല്ലെങ്കിൽ അത്തരമൊരു രൂപം സൃഷ്ടിക്കുന്നതോ ആയ പ്രവർത്തനം
ഒഴിവാക്കുന്നതിന് ഓരോ BrandSafway ജീവനക്കാരനും ബാദ്ധ്യതയുണ്ട്

ഒരു വ്യക്തിയുടെ സ്വകാര്യ താൽപ്പര്യങ്ങൾ BrandSafway-യുടെ താൽപ്പര്യങ്ങളുമായി ഏതെങ്കിലും വിധത്തിൽ പ്രതികൂലമായി ഇടപെടുകയോ വിരുദ്ധമായി വരികയോ ചെയ്യുമ്പോഴാണ് ഒരു 'താൽപ്പര്യ വൈരുദ്ധ്യം' ഉടലെടുക്കുന്നത്. ഒരു ജീവനക്കാരനോ ഉദ്യോഗസ്ഥനോ ഡയറക്ടറോ, അദ്ദേഹത്തിന്റെ/അവരുടെ ജോലിയുടെ ലക്ഷ്യത്തിനും ഫലപ്രദമായ പ്രകടനത്തിനും പരസ്പരം യോജിക്കാത്ത ഒരു നടപടി സ്വീകരിക്കുമ്പോഴോ അവർക്ക് അത്തരത്തിലുള്ള താൽപ്പര്യങ്ങൾ ഉണ്ടാകുമ്പോഴോ, താൽപ്പര്യ വൈരുദ്ധ്യം ഉടലെടുത്തേക്കാം. സാധ്യമായ താൽപ്പര്യ വൈരുദ്ധ്യങ്ങളിൽ ഇനിപ്പറയുന്നവ ഉൾപ്പെടാം; എന്നാൽ, അത് ഇവയിൽ മാത്രമായി പരിമിതപ്പെടുന്നുമില്ല:

- നിങ്ങൾക്ക് വ്യക്തിപരമോ സാമ്പത്തികപരമോ ആയി താൽപ്പര്യമുള്ള ഇടപാടുകളിൽ നിങ്ങൾ BrandSafway-യെ പ്രതിനിധീകരിക്കൽ;
- പൊതുവായ ഉടമസ്ഥതയിലുള്ള ഒരു കോർപ്പറേഷനിൽ, നിങ്ങൾ അല്ലെങ്കിൽ അടുത്ത കുടുംബാംഗങ്ങൾ 1%-ൽ താഴെ മാത്രം നിക്ഷേപം നടത്തിയിട്ടുള്ളവ ഒഴികെ, നിങ്ങൾക്ക് വ്യക്തിപരമോ സാമ്പത്തികപരമോ ആയി താൽപ്പര്യമുള്ള സപ്ലൈയറുകളിലേക്ക് ബിസിനസ്സ് കൊണ്ടെത്തിക്കൽ;
- ഉപഭോക്താക്കളിൽ നിന്നോ കരാറുകാരിൽ നിന്നോ സപ്ലൈയർമാരിൽ നിന്നോ അല്ലെങ്കിൽ അവർക്ക് വേണ്ടി പ്രവർത്തിക്കുന്നവരിൽ നിന്നോ, നിങ്ങളുടെ ബിസിനസ്സ് സംബന്ധിയായ നിർണ്ണയത്തെ സ്വാധീനിച്ചേക്കാവുന്ന വിധത്തിൽ വ്യക്തിപരമായ നേട്ടങ്ങളോ സമ്മാനങ്ങളോ തേടൽ;
- അനുചിതമായ വ്യക്തിഗത നേട്ടത്തിനായി അല്ലെങ്കിൽ നിങ്ങളുടെ കമ്പനിക്ക് പുറത്തെ പ്രവർത്തനങ്ങൾ അല്ലെങ്കിൽ താൽപ്പര്യങ്ങൾ വളർത്തുന്നതിനായി, BrandSafway-യുടെ സ്രോതസ്സുകൾ, നിങ്ങളുടെ പദവി അല്ലെങ്കിൽ സ്വാധീനം ദുരുപയോഗം ചെയ്യൽ;
- BrandSafway-യുമായി വിപണയിൽ മൽസരിക്കുന്ന ഒരു സ്ഥാപനവുമായി മൽസരിക്കുകയോ അവർക്കായി പ്രവർത്തിക്കുകയോ ചെയ്യൽ;
- കമ്പനിക്കുള്ളിൽ നിയമ വിരുദ്ധമായ ട്രേഡിംഗിൽ ഏർപ്പെടൽ; അല്ലെങ്കിൽ BrandSafway-യുടെ ഉത്തമ താൽപ്പര്യങ്ങളിൽ നിന്ന് നിങ്ങളുടെ വ്യക്തിഗത താൽപ്പര്യങ്ങൾ വ്യതിചലിച്ചേക്കാവുന്ന മറ്റ് സാഹചര്യങ്ങൾ.

നിശ്ചിത അനുമതി നേടാതെ തന്നെ താൽപ്പര്യ വൈരുദ്ധ്യങ്ങൾ ഒഴിവാക്കണം. നടത്തുവാൻ പോകുന്ന ഒരു ഇടപാട് ഉചിതമാണോ എന്നോ ഒരു താൽപ്പര്യ വൈരുദ്ധ്യം സൃഷ്ടിക്കുന്നതിനുള്ള ഒരു സാധ്യതയുണ്ടോ എന്നോ നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ, നിങ്ങളുടെ മാനേജരുമായോ ചീഫ് കംപ്ലയന്സ് ഓഫീസറുമായോ ബന്ധപ്പെടുക. താൽപ്പര്യ വൈരുദ്ധ്യമായി പരിഗണിക്കപ്പെടാവുന്ന എല്ലാ സാഹചര്യങ്ങളും സ്ഥിതികളും വിവരിക്കാൻ വിഷമകരമാണ്. ബന്ധപ്പെട്ട സാഹചര്യങ്ങൾ പൂർണ്ണമായി കണക്കിലെടുത്തു കൊണ്ട്, താൽപ്പര്യ വൈരുദ്ധ്യമുണ്ടോയെന്ന് നിർണ്ണയിക്കാൻ ബുദ്ധിമുട്ടുള്ള സ്ഥിതികൾ ന്യായമായും പരിഗണിക്കപ്പെടും. താൽപ്പര്യ വൈരുദ്ധ്യം സംഭവിക്കുന്നതിന് ഉറപ്പായും സാദ്ധ്യതയുള്ളിടത്ത്, ആ വൈരുദ്ധ്യം പരിഹരിക്കുന്നതിന് ജീവനക്കാരന് ന്യായമായ സമയം നൽകും. ചില സ്ഥലങ്ങളിലെ നീതിന്യായപരിധിയിൽ, ബാധകമായ നിയമങ്ങൾക്ക് കീഴിൽ ചില താൽപ്പര്യ വൈരുദ്ധ്യങ്ങൾ നിരോധിച്ചിട്ടുണ്ട്. കൂടാതെ, ബാധകമായ നിയമത്തിന്റെ ലംഘനത്തിന് കാരണമായേക്കാവുന്ന പ്രവർത്തികളിലൊന്നും ജീവനക്കാർ ഏർപ്പെടരുത്.

### V. താൽപ്പര്യ വൈരുദ്ധ്യങ്ങളുടെ വെളിപ്പെടുത്തൽ

സാധ്യമായ താൽപ്പര്യ വൈരുദ്ധ്യത്തിൽ കലാശിച്ചേക്കാവുന്ന പ്രവർത്തനങ്ങളിലോ ബന്ധങ്ങളിലോ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർ, BrandSafway-യുടെ ഉത്തമ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന്, മാനേജ്മെന്റിന്റെ
അവലോകനത്തിനും അംഗീകാരത്തിനുമായി അത് എത്തുന്ന ഉടന് തന്നെ സാധ്യമായ താൽപ്പര്യ വൈരുദ്ധ്യം
വെളിപ്പെടുത്തേണ്ടതാണ്. പ്രത്യേകമായി ആവശ്യപ്പെടുന്നുവെങ്കിൽ, അത്തരം വെളിപ്പെടുത്തലുകൾ രേഖാമൂലം
സമർപ്പിക്കാവുന്നതാണ്.

### VI. കമ്പനിക്ക് പുറത്ത് മറ്റ് ജോലിയിലേർപ്പെടൽ

മുഴുവൻ സമയ ജീവനക്കാർ അനുബന്ധമായ അല്ലെങ്കിൽ രണ്ടാമതൊരു ജോലിയിലേർപ്പെടുന്നത് നിരുൽസാഹപ്പെടുത്തുന്നു; കൂടാതെ, അത് നിയമവിരുദ്ധവുമാകാം. നിങ്ങൾക്ക് BrandSafway-യുമായി ഒരു തൊഴിൽ കരാറോ ഉടമ്പടിയോ ഉണ്ടെങ്കിൽ, അത് അനുബന്ധമായ അല്ലെങ്കിൽ രണ്ടാമതൊരു ജോലിയിലേർപ്പെടുന്നത് പ്രത്യേകമായി തടഞ്ഞേക്കാം. കരാർ പ്രകാരം നിരോധിച്ചിട്ടില്ലാത്തതും നിയമവിരുദ്ധമല്ലാത്തതും ആണെങ്കിൽ, BrandSafway -യിലെ നിങ്ങളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനെ മറ്റൊരു ജോലി പ്രതികൂലമായി ബാധിക്കുന്നില്ലെങ്കിലോ BrandSafway-യുടെ താൽപ്പര്യങ്ങളുമായി മറ്റു തരത്തിൽ വൈരുദ്ധ്യം പുലർത്തുന്നില്ലെങ്കിലോ, അനുബന്ധമായ അല്ലെങ്കിൽ രണ്ടാമതൊരു ജോലിയിലേർപ്പെടുന്നത് നിരോധിച്ചിട്ടില്ല. മുഴുവൻ സമയ BrandSafway ജീവനക്കാർ ഒരിക്കലും BrandSafway-യുടെ വിപണിയിൽ മൽസരിക്കുന്നവർ, സപ്ലൈയർമാർ അല്ലെങ്കിൽ ഉപഭോക്താക്കൾക്കായി ജോലി ചെയ്യരുത്. നിങ്ങൾക്ക് അനുബന്ധമായ അല്ലെങ്കിൽ രണ്ടാമതൊരു ജോലി ഉണ്ടെങ്കിൽ, അനുയുക്തമായ മാനേജുമെന്റ് ഉദ്യോഗസ്ഥർക്ക് ദയവായി റിപ്പോർട്ട് ചെയ്യുക.

### VII. കമ്പനിക്ക് പുറത്തെ താൽപര്യങ്ങൾ

മൂന്നാം കക്ഷികളുമായി ഇടപാടുകൾ നടത്തുന്നതിന് ചുമതലയുള്ള BrandSafway ജീവനക്കാർക്ക്, BrandSafway-യുമായി ഇടപാടുകളുള്ള അല്ലെങ്കിൽ വിപണിയിൽ മൽസരിക്കുന്ന കമ്പനികളിലോ ബിസിനസ്സുകളിലോ എന്തെങ്കിലും സാമ്പത്തിക താൽപ്പര്യം ഉണ്ടാകുന്നത് തടഞ്ഞിരിക്കുന്നു. BrandSafway-യുടെ ഇടപാടുകളിൽ ഒരു ജീവനക്കാരന്റെ നിർണ്ണയത്തെ സ്വാധീനം സൃഷ്ടിക്കുന്നതിന് കഴിയുന്ന അളവിലുള്ള ഒരു മൂല്യത്തിലല്ലെങ്കിൽ, പൊതുവിൽ ഓഹരിക്കച്ചവടം നടത്തുന്ന കമ്പനികളിലെ ഓഹരികളിലുള്ള താൽപ്പര്യങ്ങൾ ഒരു ലംഘനമായി കണക്കാക്കില്ല.

### VIII. കമ്പനിക്ക് പുറത്തുള്ള ഡയറക്ടർ പദവികൾ

ചീഫ് കംപ്ലയന്സ് ഓഫീസറിൽ നിന്ന് രേഖാമൂലമുള്ള മുൻകൂർ അനുമതി (ഇത് അന്യായമായി അല്ലെങ്കിൽ സ്വേച്ഛപ്രകാരം തടയില്ല) വാങ്ങാത്ത പക്ഷം, ലാഭേച്ഛയോടു കൂടി പ്രവർത്തിക്കുന്ന മറ്റേതെങ്കിലും സ്ഥാപനത്തിന്റെ (ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന അല്ലെങ്കിൽ ജീവകാരുണ്യ സംഘടനകൾ ഒഴികെ) ഡയറക്ടർമാരോ ട്രസ്റ്റികളോ ഉപദേശകരോ കൺസൾട്ടന്റുകളോ ആയി പ്രവർത്തിക്കുന്നതിൽ നിന്ന് ഞങ്ങളുടെ ജീവനക്കാരെ വിലക്കിയിരിക്കുന്നു.

### IX. കോർപ്പറേറ്റ് അവസരങ്ങൾ

ഒരു അവസരം ഉണ്ടാകുമ്പോൾ അതിന്റെ നിയമാനുസൃത താൽപ്പര്യങ്ങൾ വളർത്തുന്നതിന് ജീവനക്കാർ BrandSafway-യോട് ചുമതലപ്പെട്ടിരിക്കുകയും ഒപ്പം ഇനിപ്പറയുന്നവയിലേർപ്പെടുന്നതിന് വിലക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു:

- വ്യക്തിഗത നേട്ടത്തിനായി കോർപ്പറേറ്റ് സ്വത്ത്, വിവരങ്ങൾ അല്ലെങ്കിൽ പദവി ഉപയോഗിക്കുക; കോർപ്പറേറ്റ് സ്വത്ത്, വിവരങ്ങൾ
- അല്ലെങ്കിൽ പദവി എന്നിവയിലൂടെ കണ്ടെത്തപ്പെടുന്ന അവസരങ്ങൾ സ്വന്തമായി കരസ്ഥമാക്കുക; BrandSafway-യുമായി മൽസരിക്കുക.

### X. സമ്മാനങ്ങൾ, പ്രത്യേകമായി സഹായം ചെയ്യൽ, വിനോദം

ബിസിനസ്സ് സമ്മാനങ്ങൾ, പ്രത്യേകമായി സഹായം ചെയ്യൽ, വിനോദം എന്നിവ മികച്ചതും വസ്തുനിഷ്ഠവുമായ ബിസിനസ്സ് ബന്ധങ്ങൾ സ്ഥാപിക്കപ്പെടുന്നതിനെ തടസ്സപ്പെടുത്തിയേക്കാവുന്നതാണ്. അതിനാൽ അവയെ കരുതലോടെ സമീപിക്കുകയും വേണം. നിയമമോ നിയന്ത്രണമോ കൊണ്ട് നിരോധിച്ചിട്ടില്ലെങ്കിൽ, ഒരു ഉദ്യോഗസ്ഥനോ ഡയറക്ടറോ ജീവനക്കാരനോ അമിതമായ ഉപഹാരങ്ങൾ, അസാധാരണമായ ആതിഥ്യം, ആഡംബരം നിറഞ്ഞ വിനോദം അല്ലെങ്കിൽ നിയമവിരുദ്ധമോ അധാർമ്മികമോ ആയ നിലയിലുള്ള മൂന്നാം വ്യക്തികളിൽ നിന്നുള്ള മറ്റ് പ്രത്യേക സഹായങ്ങൾ എന്നിവ പണമായോ പണത്തിന് തുല്യമായ രൂപത്തിലോ ഒന്നിന് പകരമായി മറ്റൊന്ന് നൽകാനായി അല്ലെങ്കിൽ മറ്റ് തരത്തിൽ സ്വീകർത്താവിന്റെ ബിസിനസ്സ് സംബന്ധമായ നിർണ്ണയത്തെ സ്വാധീനിക്കുകയോ സ്വാധീനിക്കുന്ന പ്രതീതി ജനിപ്പിക്കുകയോ ചെയ്തേക്കാവുന്ന വിധത്തിൽ, നൽകുകയോ സ്വീകരിക്കുകയോ ചെയ്യാവുന്നതല്ല.

സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഉപഹാരങ്ങളും വിനോദവും നിയമമോ നിയന്ത്രണ വ്യവസ്ഥകളോ വഴിയായി നിരോധിക്കുകയോ പരിമിതിപ്പെടുത്തുകയോ ചെയ്യാം. ഒരു സർക്കാർ ഉദ്യോഗസ്ഥന് ഒരു സമ്മാനം നൽകുന്നതിനോ അയാൾക്കായി വിനോദ പരിപാടികൾ ക്രമീകരിക്കുന്നതിനോ മുൻപായി ചീഫ് കംപ്ലയൻസ് ഓഫീസറുമായി കൂടിയാലോചിക്കുക.

ഇനിപ്പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചാൽ മാത്രമേ BrandSafway-യുടെ ചെലവിൽ മറ്റുള്ളവർക്ക് സമ്മാനങ്ങളും പ്രത്യേക സഹായങ്ങളും വിനോദ പരിപാടികളും ഒരുക്കി നൽകാവൂ:

- അവ BrandSafway-യുടെ സ്വീകാര്യമായ ബിസിനസ്സ് കീഴ്വഴക്കങ്ങളുമായി പൊരുത്തപ്പെടുന്നവയും കൂടാതെ കമ്പനിയുടെ കണക്കുകളുടെ പുസ്തകങ്ങളിലും രേഖകളിലും അവ കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തിരിക്കണം;
- അവ പര്യാപ്തമാംവിധം പരിമിതമായ മൂല്യത്തിലുള്ളവയായിരിക്കണം, അവ കൈക്കൂലിയോ പ്രലോഭനമോ ആയി കണക്കാക്കപ്പെടാത്ത ഒരു രൂപത്തിലുള്ളതുമായിരിക്കണം.
- അവ ബാധകമായ പ്രാദേശിക നിയമത്തിന്റെയോ പൊതുവായി അംഗീകരിക്കപ്പെട്ട നൈതിക അല്ലെങ്കിൽ സാമൂഹിക മാനകങ്ങളുടെയോ ലംഘനമോ ആയിരിക്കരുത്; കൂടാതെ
- സ്വീകർത്താവിന്റെ തിരിച്ചറിയൽ വിവരങ്ങൾ ഉൾപ്പെടെയുള്ള വസ്തുതകൾ പരസ്യമായി വെളിപ്പെടുത്തുന്നത് ഒരാൾക്കും ലജ്ജയുണ്ടാക്കരുത്.

### XI. വായ്പകൾ

കമ്പനിയിലെ ഏതെങ്കിലും ജീവനക്കാരന് BrandSafway-യിൽ നിന്നുള്ള പണമായുള്ള വായ്പ നൽകുന്നതിനായി, ഡയറക്ടർ ബോർഡിന്റെയോ അതിന്റെ നിയുക്ത വ്യക്തിയിൽ നിന്നോ മുൻകൂർ അനുമതി ആവശ്യമാണ്.

# നിയമങ്ങൾ, ചട്ടങ്ങൾ, വ്യവസ്ഥകൾ എന്നിവയുടെ പാലനം

BrandSafwayസ്വതന്ത്രവും നീതിയുക്തവും നൈതികതയിൽ അധിഷ്ഠിതവുമായ ബിസിനസ്സ് കീഴ്‌വഴക്കങ്ങൾക്കും ബാധകമായ എല്ലാ നിയമങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധമാണ്. ബാധകമായ നിയമങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെടുന്നത്, പ്രവർത്തനങ്ങളിൽ കാലതാമസമുണ്ടാക്കുകയും മറ്റുള്ളവർക്ക് ഞങ്ങളിലുള്ള മതിപ്പിൽ കോട്ടമുണ്ടാക്കുകയും BrandSafway-യ്ക്ക് ക്രിമിനൽ, സിവിൽ പിഴകൾ അടയ്ക്കേണ്ടി വരുന്നതിന് ഒപ്പം/അല്ലെങ്കിൽ കയറ്റുമതിക്കുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതിന് കാരണമാകുകയും ചെയ്യും. ബാധകമായ നിയമങ്ങളുടെ ലംഘനത്തിന്, മറ്റെല്ലാ BrandSafway ജീവനക്കാർക്കും ഒപ്പമായി നിങ്ങൾക്കും പിഴ ചുമത്തപ്പെടാവുന്നതാണ് അല്ലെങ്കിൽ ക്രിമിനൽ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവന്നേക്കാവുന്നതാണ് എന്നതും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാരണങ്ങളെല്ലാം മൂലം, ബാധകമായ നിയമങ്ങൾ, ചട്ടങ്ങൾ, വ്യവസ്ഥകൾ എന്നിവയെക്കുറിച്ച് നിങ്ങൾ ശ്രദ്ധാലുവായിരിക്കുകയും അവ പാലിക്കുകയും ചെയ്യേണ്ടത് നിർണ്ണായകമാണ്.

## I. കോമ്പറ്റീഷൻ, ആന്റിട്രസ്റ്റ് നിയമങ്ങൾ

കോമ്പറ്റീഷൻ, ആന്റിട്രസ്റ്റ് നിയമങ്ങൾ നിയന്ത്രണങ്ങളിൽ നിന്ന് വിമുക്തമായ വിപണിയെ സംരക്ഷിക്കുകയും (ഫ്രീ എന്റർപ്രൈസ്) വാണിജ്യ ഇടപാടുകളെ പരിമിതപ്പെടുത്തുന്ന അല്ലെങ്കിൽ നീതിയുക്തമായ മൽസരത്തിന് തടസ്സം സൃഷ്ടിക്കുന്ന പശ്ചാത്തലത്തെ തടയുകയും ചെയ്യുന്നു. ഈ നിയമങ്ങൾ ഞങ്ങളുടെ ബിസിനസ്സിന്റെ എല്ലാ തലങ്ങളിലും ബാധകമാണ്. വിപണിയുടെ ശക്തിയുടെ ദുരുപയോഗം, വില സ്ഥിരപ്പെടുത്തൽ, വിപണി പങ്കിടൽ അല്ലെങ്കിൽ ബിഡ്-റിഗ്ഗിംഗ് പോലുള്ള രീതികളുമായി അവ മല്ലിടുന്നു. ഞങ്ങളുടെ സേവനങ്ങളുടെയോ ഉൽപ്പന്നങ്ങളുടെയോ വിലനിർണ്ണയം, വിപണികൾ, മേഖലകൾ അല്ലെങ്കിൽ ഉപഭോക്താക്കളെ വേർതിരിച്ച് നീക്കിവെക്കുക, ചില ഉപഭോക്താക്കളെയോ സപ്ലൈയറുകളെയോ ബഹിഷ്കരിക്കുക, പരിമിതപ്പെടുത്തുക മറ്റ് വിധത്തിൽ ഉൽപ്പാദനം നിയന്ത്രിക്കുക, അല്ലെങ്കിൽ മറ്റ് വിധത്തിൽ വ്യാപാരം നിയന്ത്രിക്കുക അല്ലെങ്കിൽ വിപണിയിലെ മൽസരത്തിന് എതിരേയുള്ള സാമ്പത്തികപരമായ സമ്പ്രദായങ്ങൾ അവലംബിക്കുക പോലെയുള്ള പ്രവൃത്തികളുമായി ബന്ധപ്പെട്ട്, വിപണയിൽ ഞങ്ങളുമായി മൽസരിക്കുന്നവരുമായി ചർച്ചകളിലേർപ്പെടുന്നതിനോ ഏതെങ്കിലും തരത്തിലുള്ള ക്രമീകരണത്തിൽ ഏർപ്പെടുന്നതിനോ ധാരണയിലെത്തുന്നതിനോ BrandSafway ജീവനക്കാരെ കർശനമായി നിരോധിച്ചിരിക്കുന്നു. ഇത്തരത്തിൽ പെരുമാറുന്ന കമ്പനികൾക്കും കമ്പനി ജീവനക്കാർക്കും ഗണ്യമായ പിഴകൾ ബാധകമായേക്കാം; ഗണ്യമായ സാമ്പത്തിക പിഴയും തടവും ഇതിൽ ഉൾപ്പെടുന്നു.

## II. വാണിജ്യ നിയന്ത്രണം, ഉപരോധങ്ങൾ, ബഹിഷ് കരണ-വിരുദ്ധ നിയമങ്ങൾ

BrandSafway പ്രവർത്തിക്കുന്ന പല രാജ്യങ്ങളിലും ഇറക്കുമതിയും കയറ്റുമതിയും നിയന്ത്രിക്കുന്ന നിയമങ്ങളും ഒപ്പം/അല്ലെങ്കിൽ സാമ്പത്തിക ഉപരോധങ്ങളോ സാമ്പത്തിക ബഹിഷ്കരണങ്ങളോ കൈകാര്യം ചെയ്യുന്ന നിയമങ്ങളുണ്ട്. കയറ്റുമതി നിയന്ത്രണ നിയമങ്ങളും ഇറക്കുമതി നിയമങ്ങളും പാലിക്കുന്നതിനായി, നിങ്ങൾ എന്താണ് അയയ്ക്കുന്നത്/സ്വീകരിക്കുന്നത്, ആരിൽ നിന്നാണ് നിങ്ങൾ ഷിപ്പിംഗ് നടത്തുന്നത്/ സ്വീകരിക്കുന്നത്, ഒരു കയറ്റുമതി എവിടേക്ക് പോകും എന്ന് മനസ്സിലാക്കേണ്ടത് പ്രധാനമാണ്. ബാധകമായ നിരോധിത കക്ഷികളുടെ പട്ടികയിലോ ഉപരോധമുള്ളവരുടെ പട്ടികയിലോ ഉണ്ടെന്ന് മനസ്സിലാക്കിയിട്ടുള്ള ഏതെങ്കിലും വ്യക്തിയുമായോ സ്ഥാപനവുമായോ ബിസിനസ്സ് അല്ലെങ്കിൽ സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിൽ നിന്ന് BrandSafway-യെ നിരോധിച്ചിരിക്കുന്നു. ബഹിഷ്കരണത്തിനെതിരേയുള്ള നിയമങ്ങൾ കമ്പനികളേയും വ്യക്തികളേയും, ആ രാജ്യം എതിർക്കുന്ന ഉപരോധങ്ങളിലോ ബഹിഷ്കരണങ്ങളിലോ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കുന്നു. ബഹിഷ്കരണ അഭ്യർത്ഥനകൾ ഏത് രൂപത്തിലും എത്താവുന്നതാണ്. എന്നാൽ, മിക്കപ്പോഴും ബിഡ്ഡുകൾക്കുള്ള ക്ഷണം, ഡ്രാഫ്റ്റ് ഉടമ്പടികൾ, പർച്ചേസ് ഓർഡറുകൾ, ലെറ്റേർസ് ഓഫ് ക്രെഡിറ്റ്, ഷിപ്പിംഗ് രേഖകൾ അല്ലെങ്കിൽ ഇൻസ്ട്രക്ഷനുകൾ എന്നിവയിൽ ഇത് കാണാം. ബഹിഷ് കരണത്തിനായുള്ള ചില അഭ്യർത്ഥനകൾ വ്യക്തമായിരിക്കുമെങ്കിലും മറ്റ് ചില ബഹിഷ്കരണ ഭാഷ അങ്ങനെയായിരിക്കില്ല.

## III. സർക്കാരുകളുമായും സർക്കാർ പ്രതിനിധികളുമായുമുള്ള വ്യവഹാരങ്ങൾ

BrandSafway ദേശീയ സർക്കാരുകളുമായോ സർക്കാർ ഉടമസ്ഥതയിലുള്ള സംരംഭങ്ങളുമായോ ബിസിനസ്സ് നടത്തിയേക്കാം. എല്ലാ വ്യവഹാരങ്ങളിലും, BrandSafway ജീവനക്കാർ ഏറ്റവും ഉയർന്ന നൈതിക നിലവാരങ്ങൾ പാലിക്കുകയും, ബിസിനസ്സ് നേടുന്നതിനായോ അത് നിലനിർത്തുന്നതിനായോ വിദേശ സർക്കാരുകളുടെ ഉദ്യോഗസ്ഥർക്കോ വിദേശ രാഷ്ട്രീയ സ്ഥാനാർത്ഥികൾക്കോ മൂല്യമുള്ള ഒന്നും നേരിട്ടോ അല്ലാതെയോ നൽകുന്നത് നിരോധിക്കുന്ന യുകെ ബ്രൈബറി ആക്ട്, ഫോറിൻ കറപ്ട് പ്രാക്ടീസസ് ആക്റ്റ് (എഫ്സിപിഎ) എന്നിവയുൾപ്പെടെയുള്ള, സർക്കാർ പ്രതിനിധികളുമായി ഇടപെടുന്നതിന് ബാധകമായ നിയമങ്ങളും വ്യവസ്ഥകളും പാലിക്കുകയും വേണം. യുണൈറ്റഡ് സ്റ്റേറ്റ്സിന് പുറത്ത് ബിസിനസ്സ് നടത്തുന്ന BrandSafway ജീവനക്കാർക്ക് ബ്രൈബറി ആക്ടിന്റെയും എഫ്സിപിഎ-യുടെയും ആവശ്യോപാധികൾ പരിചിതമായിരിക്കണം. നിയമസഭാ സാമാജികർ, റെഗുലേറ്ററി ഏജൻസികൾ, സർക്കാർ ഫീൽഡ് ഏജന്റുമാർ അല്ലെങ്കിൽ മറ്റ് പൊതുസേവന ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടികൾ, പാർട്ടി ഉദ്യോഗസ്ഥർ അല്ലെങ്കിൽ ഏതെങ്കിലും രാജ്യത്തെ രാഷ്ട്രീയ സ്ഥാനാർത്ഥികൾ എന്നിവരുമായി ഇടപെടുമ്പോൾ, BrandSafway ജീവനക്കാർ ബിസിനസ്സ് നേടാനോ അത് നിലനിർത്താനോ നേരിട്ടുള്ള ബിസിനസ്സ് നടത്താനോ ഉദ്ദേശിച്ചുള്ള ഒരു പ്രവർത്തിയിലും ഏർപ്പെടുകയോ അനുചിതമായ നടപടികൾ സ്വീകരിക്കുന്നതിനോ അല്ലെങ്കിൽ ആവശ്യമുള്ള നടപടികൾ സ്വീകരിക്കുന്നത് ഒഴിവാക്കുന്നതിനോ അല്ലെങ്കിൽ മറ്റ് തരത്തിൽ അവരുടെ ചുമതലകൾ നിർവഹിക്കുന്നതിലോ, അത്തരത്തിലുള്ള ഏതെങ്കിലും വ്യക്തികളെ അല്ലെങ്കിൽ അവരുടെ സഹകാരികളെ അനുചിതമായി സ്വാധീനിക്കുകയോ ചെയ്യരുത്. ഒരു പൊതു നിർദ്ദേശം എന്ന നിലയിൽ, ഏതെങ്കിലും നിയമനിർമ്മാണവുമായി ബന്ധപ്പെട്ട, കോടതിയുമായി ബന്ധപ്പെട്ട അല്ലെങ്കിൽ മറ്റ് സർക്കാർ ഉദ്യോഗസ്ഥർക്ക് ഒരു കാരണത്താലും പണമോ ഉപഹാരമോ അല്ലെങ്കിൽ മറ്റ് മൂല്യമുള്ള

വസ്തുക്കളോ നൽകരുത്. ഞങ്ങൾ പ്രവർത്തിക്കുന്ന എല്ലാ സ്ഥലങ്ങളിലും ഇത് യാഥാർത്ഥ്യമാണ്. എങ്കിൽത്തന്നെയും, BrandSafway-ക്ക് ബിസിനസ്സ് നൽകുന്നതിനായി അല്ലെങ്കിൽ ബിസിനസ്സ് തുടർന്നു കൊണ്ടു പോകുന്നതിനായി മുൻ തീരുമാനത്തിൽ നിന്ന് വ്യതിചലിക്കുന്നത് ഉൾപ്പെടാത്ത, പതിവ് സർക്കാർ നടപടികൾ സുഗമമായി നടത്തപ്പെടുന്നതിന് അല്ലെങ്കിൽ വേഗത്തിലാക്കുന്നതിന് BrandSafway ജീവനക്കാർ വിദേശ സർക്കാർ അല്ലെങ്കിൽ അർദ്ധ-സർക്കാർ പ്രതിനിധികൾക്ക് പണം നൽകുന്നത് മാമൂൽ പ്രകാരമുള്ളതായിത്തീർന്നേക്കാം. BrandSafway-യെ പ്രതിനിധീകരിക്കുമ്പോൾ, അതിന്റെ മൂന്നാം കക്ഷി ഏജന്റുമാരും വിതരണക്കാരും പ്രതിനിധികളും ഈ പെരുമാറ്റച്ചട്ടവും ഞങ്ങളുടെ നയങ്ങളും പാലിക്കുമെന്ന് BrandSafway പ്രതീക്ഷിക്കുന്നു.

### IV. കമ്പനിക്കുള്ളിലെ വിവരങ്ങൾ, ഇൻസൈഡർ ട്രേഡിംഗ്, രഹസ്യ വിവരം നൽകൽ (ടിപ്പിംഗ്)

ഒരു കമ്പനിയെക്കുറിച്ചുള്ള, പൊതുജനങ്ങൾക്ക് വെളിപ്പെടുത്താത്ത വസ്തുതാ വിവരങ്ങൾ അറിയാവുന്ന വ്യക്തികൾ ഓഹരികൾ വാങ്ങുന്നതും അല്ലെങ്കിൽ വിൽക്കുന്നതും, കൂടാതെ ഒരു കമ്പനിയെക്കുറിച്ചുള്ള, പൊതുജനങ്ങൾക്ക് വെളിപ്പെടുത്താത്ത വസ്തുതാ വിവരങ്ങൾ, കമ്പനിയുടെ ഓഹരികളിൽ വിപണനം നടത്തുന്ന മറ്റുള്ളവർക്ക് വെളിപ്പെടുത്തുന്നതും "ഇൻസൈഡർ ട്രേഡിംഗ്" നിയമങ്ങൾ നിരോധിച്ചിരിക്കുന്നു. ഈ ഇടപാടുകളെ സാധാരണയായി "ഇന്സൈഡർ ട്രേഡിംഗ്" അല്ലെങ്കിൽ "ടിപ്പിംഗ്" എന്ന് പൊതുവായി വിളിക്കുന്നു. ഇൻസൈഡർ ട്രേഡിംഗിലോ ടിപ്പിംഗിലോ ഏർപ്പെടുന്നത് BrandSafway-യും അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളെയും, മൂന്നിരട്ടി നഷ്ടപരിഹാരം നൽകൽ, പിഴയൊടുക്കൽ, ജയിൽവാസം എന്നിവയുൾപ്പെടെയുള്ള കടുത്ത സിവിലും ക്രിമിനലുമായ ബാദ്ധ്യതകളിലേക്ക് കൊണ്ടുചെന്നെത്തിക്കുന്നു.

കമ്പനിയെക്കുറിച്ചുള്ള, പൊതുജനങ്ങൾക്ക് വെളിപ്പെടുത്താത്ത നിർണ്ണായക വസ്തുതാ വിവരങ്ങളെക്കുറിച്ച് അറിയാവുന്ന, കമ്പനിയിലെ ഒരു ജീവനക്കാരനും നേരിട്ടോ കുടുംബാംഗങ്ങളിലൂടെയോ മറ്റ് വ്യക്തികളിലൂടെയോ സ്ഥാപനങ്ങളിലൂടെയോ കമ്പനിയുടെ ഓഹരികൾ (മുൻകൂട്ടി അംഗീകരിച്ച ട്രേഡിംഗ് പ്ലാന് അനുസരിച്ച് 1934- ലെ സെക്യൂരിറ്റീസ് എക്സ്ചേഞ്ച് ആക്ടിന് കീഴിലുള്ള ചട്ടം 10 ബി 5-1 പ്രകാരമുള്ളവ ഒഴിച്ച്, ഭേദഗതി ചെയ്തിട്ടുള്ളതു പോലെ) വാങ്ങുകയോ വിൽക്കുകയോ അല്ലെങ്കിൽ പൊതുജനങ്ങൾക്ക് വെളിപ്പെടുത്താത്ത നിർണ്ണായക വസ്തുതാ വിവരങ്ങൾ ഉപയോഗിക്കുന്നതിലൂടെ, വ്യക്തിഗത നേട്ടം കൈവരിക്കുന്നതിനായി മറ്റേതെങ്കിലും നടപടികളിൽ ഏർപ്പെടുകയോ കുടുംബവും സുഹൃത്തുക്കളും ഉൾപ്പെടെ കമ്പനിക്ക് പുറത്തുള്ളവർക്ക് ആ വിവരങ്ങൾ കൈമാറുകയോ ചെയ്യുവാൻ പാടില്ലാത്തതാകുന്നു. പുറമേ, BrandSafway-യ്ക്കായി പ്രവർത്തിക്കുമ്പോൾ BrandSafway ബിസിനസ്സ് ഇടപാടുകൾ നടത്തുന്ന, ഒരു ഉപഭോക്താവ് അല്ലെങ്കിൽ ഒരു സപ്ലൈർ പോലെ, ഒരു കമ്പനിയെക്കുറിച്ച് പൊതുജനങ്ങൾക്ക് വെളിപ്പെടുത്താത്ത നിർണ്ണായക വസ്തുതാ വിവരങ്ങൾ മനസ്സിലാക്കുന്ന ഒരു ജീവനക്കാരനും ആ വിവരങ്ങൾ പരസ്യപ്പെടുത്തപ്പെടുന്നതു വരെ അല്ലെങ്കിൽ തുടർന്നങ്ങോട്ട് ഓഹരി വിപണനത്തിന് നിർണ്ണായകമല്ലാതായി തീരുന്നതു വരെ, ആ കമ്പനിയുടെ ഓഹരികളിൽ വ്യാപാരം നടത്താവുന്നതല്ല. നിലവിലുള്ളതും ഭാവിയിൽ വരാനിരിക്കുന്നതുമായ നിക്ഷേപകർക്ക് ലഭ്യമാക്കുന്നതുവരെ വിവരങ്ങൾ "പൊതുവായി വെളിപ്പെടുത്താത്തവ" യാണ്. ഉദാ. ഒരു പത്രക്കുറിപ്പിലൂടെ വെളിപ്പെടുത്തുകയോ നിലവിലുള്ളതും ഭാവിയിൽ വരാനിരിക്കുന്നതുമായ നിക്ഷേപകർക്ക് ലഭ്യമായ ഒരു പ്ലാറ്റ്ഫോമിൽ പ്രസിദ്ധീകരിക്കുകയോ ചെയ്യുക. "നിർണ്ണായക വസ്തുതാ വിവരങ്ങളിൽ" പ്രധാനപ്പെട്ട പുതിയ വിപണികൾ, വിൽപ്പനയുടേയും ആദായത്തിന്റേയും കണക്കുകൾ, പ്രധാന കരാറുകൾ, മാനേജുമെന്റിലെ മാറ്റങ്ങൾ, റെഗുലേറ്ററി, നിയമപരമായ സംഭവവികാസങ്ങൾ, കമ്പനി ഏറ്റെടുക്കലുകൾക്കും ലയനങ്ങൾക്കുമുള്ള പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടുന്നു; എന്നാൽ ഇവയിൽ മാത്രം പരിമിതപ്പെടുന്നില്ല.



# എങ്ങനെയാണ് വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്

### I. പ്രമാണങ്ങളും രേഖകളും

ഞങ്ങളുടെ ബിസിനസ്സ് രേഖകളും റിപ്പോർട്ടുകളും ആദായ നികുതി റിട്ടേണുകളും കൃത്യമായും സത്യസന്ധമായും പൂർണ്ണതയോടും തയ്യാറാക്കപ്പെടേണ്ടതാണ്. അതിന്റെ അർത്ഥം, ബിസിനസ്സുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സത്യസന്ധമായും പൂർണ്ണമായും നിങ്ങൾ റിപ്പോർട്ടു ചെയ്യുകയും രേഖപ്പെടുത്തുകയും ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. BrandSafway ജീവനക്കാർ ഇനിപ്പറയുന്നവ ഉറപ്പാക്കണം:

- എല്ലാ ബില്ലിംഗുകളും പേയ്മെന്റുകളും അല്ലെങ്കിൽ മറ്റേതെങ്കിലും അക്കൗണ്ടിംഗ് അല്ലെങ്കിൽ ആന്തരിക ഇടപാടുകളും ഉപഭോക്തൃ കരാറുകളുമായും അംഗീകാര സംവിധാനങ്ങളുമായും അനുരൂപമാക്കപ്പെടുന്നു.
- വെളിപ്പെടുത്താത്തതോ രേഖപ്പെടുത്താത്തതോ ആയ ഫണ്ട് അല്ലെങ്കിൽ ആസ്തി ഏതെങ്കിലും ആവശ്യത്തിനായി രൂപീകരിച്ചിട്ടില്ല.
- ചെക്ക് അല്ലെങ്കിൽ പ്രധാനപ്പെട്ട ബാങ്കുകൾ സാമ്പ്രദായികമായി ഉപയോഗിക്കുന്ന സ്വീകാര്യമായ മറ്റ് ട്രാൻസ്ഫർ മാർഗ്ഗങ്ങൾ മുഖേനയല്ലാതെ, മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെ വിതരണ അക്കൗണ്ടിൽ നിന്ന് പണം പിൻവലിക്കലുകൾ നടത്തുന്നില്ല; അതും അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ജീവനക്കാരാൽ മാത്രം. ഒരു ചെക്കും നേരിട്ട് "പണമാക്കാവുന്ന" വിധത്തിൽ നൽകുന്നില്ല അല്ലെങ്കിൽ തിരിച്ചറിയാൻ സാധിക്കാത്ത ഒരു വ്യക്തിക്ക് പണം ലഭിക്കുന്നതിനായി നൽകുന്നില്ല.
- ഏതെങ്കിലും കാരണത്താൽ BrandSafway-യുടെയോ ഏതെങ്കിലും അനുബന്ധ സ്ഥാപനത്തിന്റെയോ കണക്കു പുസ്തകങ്ങളിലും രേഖകളിലും തെറ്റായ അല്ലെങ്കിൽ കൃത്രിമമായ എൻട്രികളൊന്നും ചേർക്കുന്നില്ല കൂടാതെ അത്തരം എൻട്രിക്ക് കാരണമാകുന്ന ഒരു ക്രമീകരണത്തിലും ഒരു ജീവനക്കാരനും ഏർപ്പെടുന്നില്ല.
- ഒരു പേയ്മെന്റിനെ പിന്തുണയ്ക്കുന്ന രേഖകളിൽ വെളിപ്പെടുത്തിയ പ്രകാരമല്ലാതെ, മറ്റൊരു ഉദ്ദേശ്യത്തിന് വേണ്ടി അത്തരം പേയ്മെന്റിന്റെ ഏതെങ്കിലുമൊരു ഭാഗം ഉപയോഗിക്കുന്നതിനുള്ള ലക്ഷ്യത്തോടെയോ ധാരണയോടേയോ ഒരു പേയ്മെന്റും അംഗീകരിക്കപ്പെടുകയോ നൽകപ്പെടുകയോ ചെയ്യുന്നില്ല.
- ബാധകമായ രേഖകളുടെ സൂക്ഷിക്കൽ നയങ്ങൾക്ക് അനുസൃതമായി പ്രമാണങ്ങളും രേഖകളും സൂക്ഷിക്കപ്പെടുന്നു.

### II. അക്കൗണ്ടിംഗ് നടപടിക്രമങ്ങളും നിയന്ത്രണങ്ങളും

BrandSafway-യുടെ സാമ്പത്തിക, അക്കൗണ്ടിംഗ് നയങ്ങൾക്ക് അല്ലെങ്കിൽ നിങ്ങളുടെ സ്ഥലത്തോ അല്ലെങ്കിൽ ബിസിനസ്സിനോ നിർദ്ദിഷ്ടമായ നയങ്ങൾക്ക് ഒപ്പം പ്രാദേശിക നിയമങ്ങൾ, നിയന്ത്രണങ്ങൾ, യുഎസ് ജനറലി അക്സെപ്റ്റഡ് അക്കൗണ്ടിംഗ് തത്വങ്ങൾ എന്നിവയ്ക്ക് അനുസൃതമായി സാമ്പത്തിക പ്രസ്താവനകൾ തയ്യാറാക്കൽ അനുവദിക്കുന്നതിനായും

ഞങ്ങളുടെ എല്ലാ ആസ്തികൾക്കും ഉത്തരവാദിത്തം നിലനിർത്തുന്നതിനായും സാമ്പത്തിക ഇടപാടുകൾ തയ്യാറാക്കുകയും അവ രേഖപ്പെടുത്തുകയും ചെയ്യുന്ന ജീവനക്കാർക്ക്, എല്ലാ ഇടപാടുകളും ഞങ്ങളുടെ കണക്കു പുസ്തകങ്ങളിലും രേഖകളിലും യഥാസമയത്തും കൃത്യമായും പൂർണ്ണമായും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തമുണ്ട്.

BrandSafway-യുടെ സാമ്പത്തിക പ്രസ്താവനകൾ ഓഡിറ്റു ചെയ്യുന്നതിലും അവലോകനം ചെയ്യുന്നതിലും ഉൾപ്പെട്ടിരിക്കുന്ന സ്വതന്ത്ര അക്കൗണ്ടന്റിനെ ഭീഷണിപ്പെടുത്തുകയോ തെറ്റിദ്ധരിപ്പിക്കുകയോ വഞ്ചനാപരമായി സ്വാധീനിക്കുകയോ ചെയ്യുന്നതിൽ നിന്ന് എല്ലാ BrandSafway ജീവനക്കാരെയും തടഞ്ഞിരിക്കുന്നു.

### III. പിന്തുണയ്ക്കുന്ന പ്രമാണങ്ങൾ


ഇൻവോയ്സുകൾ, ചെക്ക് റിക്വസ്റ്റുകൾ, യാത്രാ ചെലവ് റിപ്പോർട്ടുകൾ തുടങ്ങിയവ പോലെ ഇടപാടുകളെ പിന്തുണയ്ക്കുന്ന രേഖകളിൽ യഥാർത്ഥ ഇടപാടുകൾ കൃത്യമായും പൂർണ്ണമായും വിവരിക്കേണ്ടതാണ്. അത്തരം പേയ്മെന്റിനെ പിന്തുണയ്ക്കുന്ന രേഖയിൽ വിവരിച്ചിട്ടുള്ളതല്ലാതെ, മറ്റൊരു ഉദ്ദേശ്യത്തിന് വേണ്ടി അത്തരം പേയ്മെന്റിന്റെ ഏതെങ്കിലുമൊരു ഭാഗം ഉപയോഗിക്കുന്നതിനുള്ള ലക്ഷ്യത്തോടെയോ ധാരണയോടേയോ BrandSafway ഫണ്ടുകൾ നൽകില്ല. പിന്തുണയ്ക്കുന്ന രേഖകൾ നിയമമോ BrandSafway-യുടെ നയങ്ങളോ അനുസരിച്ച് കൃത്യമായിരിക്കേണ്ടതും സൂക്ഷിക്കപ്പെടേണ്ടതുമാണ്.
ഏതെങ്കിലും സർക്കാർ ഏജൻസിയുടെ അധികാരപരിധിയിലുള്ള ഏതെങ്കിലും കാര്യത്തിന്റെ അന്വേഷണത്തിനോ കൃത്യമായ നിർവ്വഹണത്തിനോ തടസ്സമുണ്ടാക്കാനോ അതിനെ സ്വാധീനിക്കുന്നതിനോ തടസ്സപ്പെടുത്തുന്നതിനോ ഉള്ള ഉദ്ദേശ്യത്തോടെ പ്രമാണങ്ങളോ രേഖകളോ വ്യതിയാനപ്പെടുത്തുകയോ നശിപ്പിക്കുകയോ അവയിൽ വ്യാജം കാട്ടുകയോ ചെയ്യുന്നതിൽ നിന്ന് BrandSafway ജീവനക്കാരെ കർശനമായി നിരോധിച്ചിരിക്കുന്നു.

### IV. തെറ്റായ വിവരങ്ങൾ നൽകൽ, രേഖകളിൽ വ്യാജം കാട്ടൽ, തട്ടിപ്പ്

ഏതെങ്കിലും തട്ടിപ്പ് കണ്ടെത്തേണ്ടതും റിപ്പോർട്ട് ചെയ്യപ്പെടേണ്ടതും എല്ലാത്തിനും ഉപരിയായി തടയപ്പെടേണ്ടതും പ്രധാനമാണ്. വസ്തുതകളെ തെറ്റായി ചിത്രീകരിക്കുന്നതിലോ വ്യാജമായ രേഖകൾ നിർമ്മിക്കുന്നതിലോ ന്യായയുക്തി കണ്ടെത്തുകയോ അത്തരം കാര്യങ്ങളിലേർപ്പെടുന്നതിനെക്കുറിച്ച് ചിന്തിക്കുകയോ പോലും ചെയ്യരുത്. ഈ പെരുമാറ്റച്ചട്ടങ്ങളുടേയും ഈ നയങ്ങളുടേയും ലംഘനങ്ങൾ നിങ്ങളെ ജോലിയിൽ നിന്ന് താൽക്കാലികമായി നീക്കം ചെയ്യുന്നതും പിരിച്ചു വിടുന്നതും ഒപ്പം/ അല്ലെങ്കിൽ ബാധകമായ നിയമപ്രകാരം ക്രിമിനൽ ഒപ്പം/അല്ലെങ്കിൽ സിവിൽ നടപടികൾ സ്വീകരിക്കുന്നതും വരെയുള്ളത് ഉൾപ്പെടെ, എന്നാൽ അതിൽ മാത്രം പരിമിതപ്പെടാതെയുള്ള, അച്ചടക്ക നടപടികൾക്ക് വിധേയമാക്കാവുന്നതാണ്.

### V. അധികാരത്തിന്റെ നിയോഗത്തിന്റെ (ഡെലിഗേഷന് ഓഫ് അതോറിറ്റി) നയം

എല്ലാ ജീവനക്കാരും ഡെലിഗേഷന് ഓഫ് അതോറിറ്റി (DOA) നയത്തിൽ നിർവചിച്ചിരിക്കുന്ന അധികാരത്തിന്റെ പരിധികൾ പാലിക്കേണ്ടതാണ്.



# കമ്പനിയുടെ സ്വത്ത്

സുരക്ഷിതവും ചെലവ് കുറഞ്ഞതുമായ ഒരു ബിസിനസ്സ് നടത്തുന്നതിന് കമ്പനി സ്വത്ത് പരിപാലിക്കേണ്ടത് അത്യാവശ്യമാണ്. ഞങ്ങളുടെ സ്വത്തുക്കൾ സംരക്ഷിക്കുന്നത് എല്ലാ BrandSafway ജീവനക്കാരുടെയും ഉത്തരവാദിത്തമാണ്. BrandSafway ജീവനക്കാർ മാലിന്യം സൃഷ്ടിക്കപ്പെടുന്നതിനും ദുരുപയോഗത്തിനും എതിരായി കരുതൽ പാലിച്ചു കൊണ്ട്, കമ്പനി സ്വത്തുക്കളും ആസ്തികളും ശ്രദ്ധയോടെയും ആദരവോടും കൂടി ഉപയോഗിക്കുകയും അവ പരിപാലിക്കുകയും വേണം. BrandSafway ആസ്തികളിൽ ഭൗതിക സ്വത്ത്, ഉപകരണങ്ങൾ, ഇൻവെന്ററി എന്നിവ മാത്രമല്ല അടങ്ങിയിരിക്കുന്നത്; ഓഹരികൾ, പണം, ഓഫീസ് ഉപകരണങ്ങൾ, സപ്ലൈകൾ, ഇൻഫർമേഷൻ സിസ്റ്റങ്ങൾ എന്നിവ പോലുള്ള മറ്റ് ആസ്തികളും അതിൽ ഉൾപ്പെടുന്നുണ്ട്. ഉപഭോക്തൃ ലിസ്റ്റുകൾ, വിലവിവരങ്ങൾ, സോഫ്റ്റ് വെയർ, പേറ്റന്റുകൾ, വിപണന മുദ്രകൾ, പകർപ്പവകാശങ്ങൾ, മറ്റ് ഉടമസ്ഥാവകാശ വിവരങ്ങൾ, അറിവ് എന്നിവ പോലെയുള്ള ബൗദ്ധിക സ്വത്തും ഇതിൽ ഉൾപ്പെടുന്നു.

### I. ഉൽപ്പന്നങ്ങളും സേവനങ്ങളും

ഞങ്ങളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും BrandSafway-യുടെ സ്വത്താണ്. BrandSafway ഉൽപ്പന്നങ്ങളുടെയോ സേവനങ്ങളുടെയോ വികസനം, മികവ് നൽകൽ, പ്രയോഗത്തിലാക്കൽ എന്നിവയിൽ ജീവനക്കാർ അവർ ജോലി ചെയ്തു കൊണ്ടിരുന്ന കാലയളവിൽ നൽകിയ സംഭാവനകൾ, BrandSafway-യുടെ സ്വത്തായിരിക്കുകയും ആ ജീവനക്കാരനെ ജോലിയിൽ നിന്ന് നീക്കം ചെയ്താൽ പോലും അങ്ങനെ തന്നെയായിരിക്കുകയും ചെയ്യും.

### II. ഫണ്ടുകൾ

ജീവനക്കാരെ ഭരമേൽപ്പിച്ചിട്ടുള്ള ഏതെങ്കിലും തരത്തിലുള്ള BrandSafway ഫണ്ടുകളുടെ വ്യക്തിപരമായ ഉത്തരവാദിത്തം ആ ജീവനക്കാർക്ക് ഉണ്ടായിരിക്കും. BrandSafway ഫണ്ടുകളിൽ കറൻസി, ചെക്കുകൾ, ക്രെഡിറ്റ് അല്ലെങ്കിൽ ചാർജ് കാർഡുകൾ, മണി ഓർഡറുകൾ, പോസ്റ്റേജ്, ബില്ലുകൾ, റീഇംബേഴ്സ്മെന്റ് ക്ലെയിമുകൾ, അടയ്ക്കേണ്ടവ, സ്വീകരിക്കേണ്ടവ, എസ്റ്റിമേറ്റുകൾ, പേ ചെക്കുകൾ, ചെലവായ പണത്തിന്റെ റീഇംബേഴ്സ്മെന്റുകൾ, ഇൻവോയിസുകൾ എന്നിവ ഉൾപ്പെടുന്നു; എന്നാൽ അവ ഇവയിൽ മാത്രം പരിമിതപ്പെടുന്നുമില്ല. BrandSafway ഫണ്ടുകളുടെ സംരക്ഷണം, വിനിയോഗം, അവ രേഖപ്പെടുത്തൽ എന്നിവയിൽ ജീവനക്കാർ ഇനിപ്പറയുന്ന രീതിയിൽ ശ്രദ്ധ പുലർത്തേണ്ടതാണ്:

- കമ്പനി ഫണ്ടുകളുടെ സുരക്ഷിതത്വത്തിനായി BrandSafway നയങ്ങൾ പാലിക്കുക;
- കമ്പനി ഫണ്ടുകൾക്കോ വ്യക്തിഗത ഫണ്ടുകൾക്കോ പകരമായി BrandSafway-യ്ക്ക് മികച്ച മൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക-ഇത് കമ്പനി മടക്കി നൽകുന്നതാണ്;
- ന്യായമായതും യഥാർത്ഥത്തിലുള്ളതും അംഗീകൃതവുമായ ചെലവുകളുടെ മാത്രം പണം മടക്കി ലഭിക്കുന്നതിനായി ആവശ്യപ്പെടുക; കൂടാതെ,
- ഞങ്ങൾ അംഗീകരിക്കുന്ന രേഖകൾ BrandSafway ഫണ്ടുകളുടെ ഉചിതമായ ഉപയോഗം പ്രതിഫലിപ്പിക്കുന്നുവെന്നും അവ കൃത്യവും സത്യസന്ധവും സമയബന്ധിതമായി തയ്യാറാക്കിയതാണെന്നും ഉറപ്പാക്കുക.

### III. കമ്പ്യൂട്ടറുകൾ, സെർവറുകൾ, സോഫ്റ്റ്  വെയർ

BrandSafway-യുടെ കമ്പ്യൂട്ടറുകൾ, സെർവറുകൾ, ഇലക്ട്രോണിക് മീഡിയ സിസ്റ്റങ്ങളും BrandSafway-യുടെ കമ്പ്യൂട്ടർ സിസ്റ്റങ്ങളിലേക്ക് പ്രവേശിപ്പിച്ചിട്ടുള്ള എല്ലാ വിവരങ്ങളും ബാധകമായ നിയമങ്ങൾക്ക് കീഴിൽ BrandSafway-യുടെ സ്വത്താണ്. BrandSafway-യുടെ ഇ-മെയിൽ സിസ്റ്റം, ഇലക്ട്രോണിക് കമ്മ്യൂണിക്കേഷൻ സിസ്റ്റങ്ങൾ, ഇന്റർനെറ്റ് എന്നിവയിലേക്ക് പ്രവേശനം നൽകിയിട്ടുള്ളത്, കമ്പനി ബിസിനസ്സ് കാര്യക്ഷമമായും നൈതികപൂർണ്ണതയോടെയും നിരുപദ്രവകരമായും നിയമാനുസൃതവുമായ രീതിയിൽ നടത്തുകയെന്ന ഉദ്ദേശ്യത്തോടെയാണ്. BrandSafway ചിലപ്പോൾ ഇ-മെയിലിന്റെയും ഇന്റർനെറ്റ് സേവനങ്ങളുടെയും വ്യക്തിഗത ഉപയോഗം അനുവദിച്ചേക്കാം - അത്തരം ഉപയോഗം കാര്യക്ഷമതയുള്ളതും നൈതികപൂർണ്ണമായതും നിരുപദ്രവകരമായതും നിയമാനുസൃതവും ആയിരിക്കുകയും കമ്പനി ബിസിനസ്സിന്റെ നടത്തിപ്പിലോ ജീവനക്കാരുടെ ജോലി സംബന്ധമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിലോ ഇടപെടാത്തതോ ആയിരിക്കുകയും ചെയ്യുന്ന പക്ഷം. ജീവനക്കാർ ബാധകമായ BrandSafway നയങ്ങളോ നിങ്ങളുടെ സ്ഥലത്ത് അല്ലെങ്കിൽ ബിസിനസിന് നിർദ്ദിഷ്ടമായ നയങ്ങളോ പാലിക്കുമെന്നും ഈ ഉപാധികളുടെ വ്യക്തിഗത ഉപയോഗത്തിൽ മികച്ച വിവേചന ബുദ്ധിയും നിയന്ത്രണവും പ്രദർശിപ്പിക്കുമെന്നും പ്രതീക്ഷിക്കപ്പെടുന്നു. അങ്ങനെ ചെയ്യുന്നതിൽ പരാജയപ്പെടുന്നത് ഈ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനമായിരിക്കും. കൂടാതെ, വ്യക്തിഗത ഉപയോഗത്തിനായി ഇവയിൽ ചിലതിലേക്കോ എല്ലാറ്റിലേക്കുമോ ഉള്ള പ്രവേശനം നിർത്തലാക്കുന്നതിലേക്ക് നയിച്ചേക്കാം. BrandSafway-യുടെ കമ്പ്യൂട്ടർ സെക്യൂരിറ്റിയുടെ സംരക്ഷണം പ്രവർത്തനരഹിതമാക്കുന്നതിനോ ദുർബലമാക്കുന്നതിനോ മറികടക്കുന്നതിനോ ഉള്ള ഏതൊരു ശ്രമവും താൽക്കാലികമായി ജോലിയിൽ നിന്ന് നീക്കം ചെയ്യുന്നതും പിരിച്ചു വിടുന്നതും വരെയുള്ളത് ഉൾപ്പെടെ, എന്നാൽ അതിൽ മാത്രം പരിമിതപ്പെടാതെയുള്ള, അച്ചടക്ക നടപടികൾക്ക് കാരണമായിത്തീർന്നേക്കാവുന്നതാണ്.

'വ്യക്തിഗത ഡാറ്റ' (പേർ, വീട്, ഓഫീസ് സമ്പർക്ക വിവരങ്ങൾ മുതലായവ)-യുടെ ശേഖരണം, സംസ്കരണം, ഉപയോഗം എന്നിവ കൂടുതൽ കർശനമായി നിയന്ത്രിക്കുന്ന രാജ്യങ്ങളുടെ എണ്ണം വർദ്ധിക്കുന്നുണ്ട്. എവിടെ നിന്നാണോ വ്യക്തിഗത ഡാറ്റ

ശേഖരിക്കുന്നത് ആ സ്ഥലത്തെയും എവിടെയാണോ സംസ്കരണം ചെയ്യുന്നത് അല്ലെങ്കിൽ ഉപയോഗിക്കുന്നത് ആ സ്ഥലത്തെയും നീതിന്യായാധികാര പരിധിയിലെ ബാധകമായ നിയമങ്ങളും നിയന്ത്രണങ്ങളും, ഏതെങ്കിലും BrandSafway നയങ്ങൾക്കും കരാർ അടിസ്ഥാനത്തിൽ ബാധകമായ എന്തെങ്കിലും ബാദ്ധ്യതകൾക്കും പുറമേയായി BrandSafway ജീവനക്കാർ പാലിക്കേണ്ടതാണ്.

സോഷ്യൽ നെറ്റ് വർക്കിംഗിന്റെ ഉപയോഗം വിലപ്പെട്ട ഒരു ഉപാധിയാണ്. എങ്കിൽത്തന്നെയും, ശരിയായി ഉപയോഗിക്കാത്ത പക്ഷം സോഷ്യൽ നെറ്റ്വർക്കിംഗ് നിങ്ങളെയും BrandSafway-യെയും അധിക അപകടസാദ്ധ്യതയിലേക്ക് നയിച്ചേക്കാം. അനുയുക്തമായി അംഗീകരിച്ചിട്ടില്ലാത്ത പക്ഷം, BrandSafway-യെ ക്കുറിച്ചോ നിങ്ങളുടെ ബിസിനസ്സ് യൂണിറ്റിനെക്കുറിച്ചോ വിവരങ്ങൾ പോസ്റ്റ് ചെയ്യുന്നതിനായി ഒരിക്കലും സോഷ്യൽ നെറ്റ്വർക്കിംഗ് ഉപയോഗിക്കരുത്. BrandSafway-യുടെ പേരിൽ സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകളിൽ ഏതെങ്കിലും ഒരു അക്കൗണ്ട് തുറക്കുകയോ (നേരിട്ടോ അല്ലാതെയോ) ഒപ്പം/അല്ലെങ്കിൽ BrandSafway-യ്ക്കായി ഒപ്പം/അല്ലെങ്കിൽ BrandSafway-യ്ക്ക് പകരമായി സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമിൽ എന്തെങ്കിലും ആശയവിനിമയം നടത്തുകയോ അല്ലെങ്കിൽ എന്തെങ്കിലും പോസ്റ്റ് ചെയ്യുകയോ ചെയ്യരുതെന്ന് ജീവനക്കാരെ കർശനമായി ഉപദേശിക്കുന്നു BrandSafway-യെക്കുറിച്ചോ നിങ്ങളുടെ ബിസിനസ്സ് യൂണിറ്റിനെക്കുറിച്ചോ തെറ്റായ വിവരങ്ങൾ കാണിക്കുന്ന എന്തെങ്കിലും പോസ്റ്റുകൾ സോഷ്യൽ നെറ്റ് വർക്കിംഗിൽ നിങ്ങൾ കാണുകയാണെങ്കിൽ, ദയവായി നിങ്ങളുടെ മാനേജരെ അല്ലെങ്കിൽ ചീഫ് കംപ്ലയന്സ് ഓഫീസറെ അറിയിക്കുക.

### IV. ഉടമസ്ഥാവകാശവും രഹസ്യ സ്വഭാവമുള്ള വിവരങ്ങളും

BrandSafway-യുടെ ഉടമസ്ഥാവകാശവും രഹസ്യ സ്വഭാവമുള്ള വിവരങ്ങളും പരിരക്ഷിക്കുന്നതിനും അനധികൃത വെളിപ്പെടുത്തലിൽ നിന്ന് സംരക്ഷിക്കുന്നതിനും എല്ലാ ജീവനക്കാർക്കും കടമയുണ്ട്. ഏതെങ്കിലും കരാറിന് കീഴിൽ കർശനമായ രഹസ്യ സ്വഭാവം പാലിക്കേണ്ട ബാദ്ധ്യത കമ്പനിക്കുണ്ടെങ്കിൽ, ജീവനക്കാരന് അത്തരം കർശനമായ ബാദ്ധ്യതയ്ക്ക് കീഴിലായിരിക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ ജോലിയിൽ നിന്ന് നീക്കം ചെയ്യപ്പെട്ടതിന് ശേഷവും ഈ കടമ തുടരുന്നു.

രഹസ്യ സ്വഭാവമുള്ള വിവരങ്ങളിൽ ഇതേ വരെ പൊതുവായി പ്രഖ്യാപിച്ചിട്ടില്ലാത്ത ഒരു ഉൽപ്പന്നം, ബിസിനസ്സ് അല്ലെങ്കിൽ സാമ്പത്തിക വിവരങ്ങൾ, ഏറ്റെടുക്കലും അനുബന്ധ സ്ഥാപനങ്ങളുടെ വിൽപ്പനയും സംബന്ധിച്ചുള്ള പദ്ധതികൾ, വിപണിയിലെ മൽസരത്തിലെ സ്ഥാനം, ബിസിനസ്സ് തന്ത്രങ്ങൾ, ഉപഭോക്താക്കളെക്കുറിച്ചുള്ള വിവരങ്ങൾ, ഉൽപ്പന്ന നിർമ്മാണത്തിന്റെ ചെലവുകൾ എന്നിവയും കൂടാതെ പൊതുവായി വെളിപ്പെടുത്തിയാൽ BrandSafway-യ്ക്കോ ഞങ്ങളുടെ ഉപഭോക്താക്കൾക്കോ സപ്ലൈയർമാർക്കോ ദോഷമുണ്ടാക്കുന്ന വിധത്തിൽ വിപണിയിൽ മൽസരിക്കുന്നവർ ഉപയോഗിച്ചേക്കാവുന്ന, പൊതുവായി വെളിപ്പെടുത്തിയിട്ടില്ലാത്ത മറ്റ് വിവരങ്ങളും ഉൾപ്പെടുന്നു.

ഉടമസ്ഥാവകാശ വിവരങ്ങളിൽ പേറ്റന്റുകൾ, വിപണന മുദ്രകൾ, പകർപ്പവകാശങ്ങൾ, വ്യാപാര രഹസ്യങ്ങൾ, മറ്റെല്ലാ നിർണ്ണായക അല്ലെങ്കിൽ സ്വകാര്യ സാങ്കേതിക, സാമ്പത്തിക, ബിസിനസ് വിവരങ്ങൾ ഉൾപ്പെടുന്നു. അനധികൃതമായി വെളിപ്പെടുത്തൽ നടത്തുന്നത്, ഞങ്ങൾക്ക് അവയുടെ മൂല്യം നഷ്ടപ്പെടുത്തുകയും മറ്റുള്ളവർക്ക് നീതിയുക്തമല്ലാത്ത നേട്ടം നൽകുകയും ചെയ്യും.

BrandSafway-യുടെ ഉടമസ്ഥാവകാശ വിവരങ്ങളും രഹസ്യ സ്വഭാവമുള്ള വിവരങ്ങളും അനുയുക്തമായ അധികാരപ്പെടുത്തൽ ഇല്ലാതെ ആർക്കും വെളിപ്പെടുത്താൻ കഴിഞ്ഞേക്കില്ല. ഉടമസ്ഥാവകാശ-സംബന്ധിയായതും രഹസ്യ സ്വഭാവമുള്ളതുമായ പ്രമാണങ്ങൾ സുരക്ഷിതമായും ഭദ്രമായും സൂക്ഷിക്കുക. സാധാരണ ബിസിനസ്സ് പ്രവർത്തനങ്ങളുടെ കാലയളവിൽ, സപ്ലൈയർമാരോ ഉപഭോക്താക്കളോ വിപണയിൽ മൽസരിക്കുന്നവരോ ചിലപ്പോൾ അവരുടെ ബിസിനസ്സിന് ഉടമസ്ഥാവകാശമുള്ള വിവരങ്ങൾ നിങ്ങൾക്ക് വെളിപ്പെടുത്തിയേക്കാം. അവർ അർപ്പിക്കുന്ന വിശ്വാസം നാം മാനിക്കേണ്ടതാണ്.

പൊതുവേ, വിപണയിൽ മൽസരിക്കുന്നവരെക്കുറിച്ചുള്ള പൊതു വിവരങ്ങൾ സമാഹരിക്കുന്നതോ ഞങ്ങളുടെ ബിസിനസ്സ് നടത്തുന്നതിനായി അത് ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നത് അനുചിതമോ നിയമവിരുദ്ധമോ അല്ല. വിപണയിൽ മൽസരിക്കുന്നവരെക്കുറിച്ചുള്ള പൊതു വിവരങ്ങൾ, നൈതികതയോടെയും വിപണയിൽ മൽസരിക്കുന്നവരുടെ ഉടമസ്ഥാവകാശ വിവരങ്ങൾ പരിരക്ഷിക്കുന്ന നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും അനുസൃതമായും ശേഖരിക്കണം. ഉദാഹരണത്തിന്, ഇനിപ്പറയുന്നവ ശേഖരിക്കുന്നത് ഉചിതമാണ്: വെബ് സൈറ്റുകൾ, പരസ്യങ്ങൾ, ബ്രോഷറുകൾ അല്ലെങ്കിൽ പൊതു അവതരണങ്ങൾ എന്നിവയുൾപ്പെടെ പൊതു ഉറവിടങ്ങളിൽ നിന്നുള്ള അത്തരം അറിവുകൾ. എന്നാൽ, ഒരു മുന് തൊഴിലുടമയുടെ ഉടമസ്ഥാവകാശ സംബന്ധിയായ വിവരങ്ങൾ, ആ മുൻ തൊഴിലുടമ വിപണയിൽ മൽസരിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും, ജീവനക്കാർ ഉപയോഗിക്കുന്നത് അനുചിതമാണ്. ഞങ്ങളുമായി വിപണയിൽ മൽസരിക്കുന്നവരുടെ ഉടമസ്ഥാവകാശ-സംബന്ധിയായ അല്ലെങ്കിൽ രഹസ്യ സ്വഭാവമുള്ള വിവരങ്ങളെ BrandSafway മാനിക്കുകയും അത്തരം ഉടമസ്ഥാവകാശ-സംബന്ധിയായ അല്ലെങ്കിൽ രഹസ്യ സ്വഭാവമുള്ള വിവരങ്ങൾ സ്വീകരിക്കുന്നതിൽ നിന്ന് ഞങ്ങളുടെ ജീവനക്കാർ കരുതൽ ഉള്ളവരായിരിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. വിപണയിൽ മൽസരിക്കുന്നവരുടെ വിവരങ്ങളുടെ ഒരു നിശ്ചിത ഉറവിടം സമുചിതമാണോ എന്ന് നിങ്ങൾക്ക് ഉറപ്പില്ലെങ്കിൽ, ദയവായി ചീഫ് കംപ്ലയന്സ് ഓഫീസറുമായോ നിയമ വകുപ്പിലെ ഒരു അംഗവുമായോ ബന്ധപ്പെടുക.

### V. മോഷണം തടയൽ

സ്വാഭാവികമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിലൂടെയും കമ്പനി സ്വത്തുക്കൾ വിവേകത്തോടെ കൈകാര്യം ചെയ്യുന്നതിലൂടെയും മോഷണം അല്ലെങ്കിൽ ദുരുപയോഗം മൂലം BrandSafway-യുടെ സ്വത്തിന് ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുക. ഉപകരണങ്ങൾ, സപ്ലൈകൾ, മെറ്റീരിയലുകൾ എന്നിവ ഭദ്രമായി പൂട്ടി സൂക്ഷിക്കുകയും സംശയാസ്പദമായ വ്യക്തികളെക്കുറിച്ചോ പ്രവർത്തികളെക്കുറിച്ചോ റിപ്പോർട്ട് ചെയ്യുകയും ചുമതലപ്പെട്ടതല്ലാത്ത വ്യക്തികളുടെ സാന്നിധ്യത്തിൽ BrandSafway-യുടെ രഹസ്യ സ്വഭാവമുള്ള വിവരങ്ങൾ ചർച്ച ചെയ്യുന്നത് ഒഴിവാക്കുകകയും ചെയ്യുക.

# BrandSafway-യുടെ കമ്മ്യൂണിറ്റി

BrandSafway-യുടെ ജീവനക്കാർ നിരവധി സംസ്കാരങ്ങളേയും വംശങ്ങളേയും ഭാഷകളേയും ജീവിതശൈലികളേയുമാണ് പ്രതിഫലിപ്പിക്കുന്നത്. അതോടൊപ്പം തന്നെ, ഞങ്ങൾ സേവനം നൽകുന്ന വിപണികളെപ്പോലെ തന്നെ വൈവിദ്ധ്യമാർന്ന വ്യക്തികളെ ആകർഷിക്കുന്നതിനും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും കമ്പനിയിൽ നിലനിർത്തുന്നതിനും ഞങ്ങൾ യത്നിക്കുന്നു. ഞങ്ങളുടെ വൈവിധ്യത്തിന്റെ കരുത്ത് ഉൾക്കൊള്ളുകയും ജീവനക്കാർ പരസ്പര ബഹുമാനത്തോടെ പെരുമാറുകയും ചെയ്യുന്ന, വിവേചനമില്ലാത്തതും ഓരോ ജീവനക്കാരനും അർഹിക്കുന്ന മൂല്യവും തുല്യ അവസരവും വളർച്ചയും പ്രദാനം ചെയ്യുന്നതുമായ ഒരു തൊഴിൽ അന്തരീക്ഷം രൂപപ്പെടുത്തിയെടുക്കുന്നതിനും നിലനിർത്തുന്നതിനും BrandSafway പ്രതിജ്ഞാബദ്ധമാണ്.

ഈ ലക്ഷ്യങ്ങൾക്ക് കുറേക്കൂടി വിശാലത വരുത്തുന്നതിനായി, BrandSafway ഒരു കമ്പനി വൈവിധ്യതാ പ്രസ്താവന തയ്യാറാക്കിയിട്ടുണ്ട്. BrandSafway-യുടെ വൈവിധ്യതാ സംസ്കാരത്തെ പിന്തുണയ്ക്കുന്നതിനും ഉയർത്തിപ്പിടിക്കുന്നതിനും നിങ്ങൾക്ക് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യാനാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. കൂട്ടായി പ്രവർത്തിക്കുന്നതിലൂടെ, ആഴത്തിലുള്ള പരസ്പര ധാരണയിലും പരസ്പര ബഹുമാനത്തിലും മാനുഷിക മാന്യതയോടും നീതിയുക്തതയോടുമുള്ള പ്രതിബദ്ധതയിലും അധിഷ്ഠിതമായ, വിവേചനരഹിതമായ ഒരു ലോകം സൃഷ്ടിക്കാൻ നമുക്ക് സഹായിക്കാനാകും.

### I. നീതിയുക്തമായ തൊഴിൽ മാർഗ്ഗനിർദ്ദേശങ്ങൾ

വയസ്സ്, വംശീയത, പൗരത്വം, ശാരീരിക വൈകല്യം, ലിംഗഭേദം, വർഗ്ഗം, മതം, ദേശീയതയുടെ ഉറവിടം, വൈവാഹിക നില, ലൈംഗിക ആഭിമുഖ്യം, സൈനിക സേവനം, വെറ്ററൻ സ്റ്റാറ്റസ് അല്ലെങ്കിൽ നിയമ പരിരക്ഷയുള്ള മറ്റ് സവിശേഷതകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനം കാട്ടാതെ, തൊഴിൽ നിയമനം സംബന്ധിച്ചുള്ളതും മറ്റെല്ലാ ബിസിനസ്സ്-സംബന്ധമായതുമായ തീരുമാനങ്ങളും എടുക്കുന്നു. ജോലിയുമായി ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച വിവേചനം ഞങ്ങൾ നിരോധിച്ചിരിക്കുന്നു. ഇതിന് പുറമേ സ്ത്രീകൾ, ന്യൂനപക്ഷങ്ങൾ, അംഗപരിമിതർ, വെറ്ററന്മാർ എന്നിവർക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഞങ്ങൾ നിയമാനുസൃതമായ സുനിശ്ചിത നടപടികൾ കൈക്കൊള്ളുന്നു.

### II. ജോലി സ്ഥലത്തെ പോസിറ്റീവ് ആയ അന്തരീക്ഷം

എല്ലാത്തരത്തിലുമുള്ള പീഡനങ്ങളും ഞങ്ങൾ തടഞ്ഞിരിക്കുന്നു. ലിംഗഭേദം, വർഗ്ഗം, വംശീയത, ലൈംഗിക ആഭിമുഖ്യം, ശാരീരികമായ അല്ലെങ്കിൽ മാനസികമായ വൈകല്യം, വയസ്സ്, മതം, വെറ്ററൻ സ്റ്റാറ്റസ്, ദേശീയതയുടെ ഉറവിടം അല്ലെങ്കിൽ നിയമ പരിരക്ഷയുള്ള മറ്റേതെങ്കിലും സവിശേഷതകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും ജീവനക്കാരനെ തരം താഴ്ത്തിക്കാട്ടുകയോ അവഹേളിക്കുകയോ ലജ്ജിപ്പിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്ന പെരുമാറ്റം ഇതിൽ ഉൾപ്പെടുന്നു. ഇതിന് പുറമേ, BrandSafway-യുടെ സ്ഥലത്തോ BrandSafway-യുടെ ബിസിനസ്സിനിടയിലോ ആയിരിക്കുമ്പോൾ BrandSafway ജീവനക്കാർ ഏതെങ്കിലും തരത്തിലുള്ള കൈയ്യേറ്റം, ആക്രമണപരമായ ശാരീരിക സമ്പർക്കം അല്ലെങ്കിൽ ഭീഷണിപ്പെടുത്തൽ, അടിപിടി, മുറാളത്തം കാട്ടൽ, ശാരീരികമായി ഉപദ്രവിക്കുമെന്നോ ആക്രമിക്കുമെന്നോ വാക്കാലുള്ള ഭീഷണികൾ തുടങ്ങിയ പ്രവർത്തികളിൽ അല്ലെങ്കിൽ ഭീഷണിയുയർത്തുന്നതോ ശത്രുതാപരമായതോ അധിക്ഷേപിക്കുന്നതോ ആയ സ്വഭാവമുള്ള മറ്റേതെങ്കിലും പ്രവർത്തികളിൽ ഏർപ്പെടരുത്. പീഡനത്തിലേർപ്പെടുകയോ അതിനെ തെറ്റായി കണക്കാക്കപ്പെടാതിരിക്കുകയോ ചെയ്യുന്ന ഏത് വ്യക്തിയും, ജോലിയിൽ നിന്ന് താൽക്കാലികമായി നീക്കം ചെയ്യുന്നതും പിരിച്ചു വിടുന്നതും വരെ ഉൾപ്പെടെയുള്ള, എന്നാൽ അതിൽ മാത്രം പരിമിതപ്പെടാതെയുള്ള, അച്ചടക്ക നടപടികൾക്ക് വിധേയമാകാം;

### III. ലൈംഗികമായ ഉപദ്രവം

BrandSafway-യുമായി ബന്ധപ്പെട്ടിരിക്കുന്ന ഒരു ജീവനക്കാരനോ ഉദ്യോഗസ്ഥനോ ഡയറക്ടറോ ഏതെങ്കിലുമൊരു വ്യക്തിയോ ലൈംഗികമായ ഉപദ്രവത്തിന് വിധേയരാകരുത് എന്ന തത്വം മുറുകെപ്പിടിക്കുന്നതിന് ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. പരസ്പരമുള്ള ബഹുമാനം, തുല്യ അവസരം എന്നിവ ഉയർത്തിപ്പിടിക്കുന്നതും ലൈംഗികമായ ഉപദ്രവം ഉൾപ്പെടെയുള്ള നിയമവിരുദ്ധവും വിവേചനപരവുമായ പ്രവർത്തനങ്ങളിൽ നിന്ന് മുക്തവുമായ ഒരു തൊഴിൽ അന്തരീക്ഷം ഒരുക്കുന്നതിനുമാണ് ഞങ്ങൾ ഉദ്യമിക്കുന്നത്.

ജോലി സ്ഥലത്തിന്റെ അന്തരീക്ഷത്തിൽ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലോ രൂപത്തിലോ, ഹിതകരമല്ലാത്ത ലൈംഗികസ്വഭാവമുള്ള കടന്നുകയറ്റം/ലൈംഗികമായ ഉപദ്രവം, ലൈംഗികാഗ്രഹം പൂർത്തീകരിക്കുന്നതിനായുള്ള അഭ്യർത്ഥനകൾ, ലൈംഗിക സ്വഭാവമുള്ള വാക്കാലുള്ളതോ ശാരീരികമോ ആയ മറ്റ് പെരുമാറ്റങ്ങൾ കൂടാതെ ലൈംഗികമായി നിന്ദ്യമായ കാര്യങ്ങൾ പ്രദർശിപ്പിക്കൽ തുടങ്ങിയവ ഞങ്ങൾ തടഞ്ഞിരിക്കുന്നു. ലൈംഗികമായ ഉപദ്രവുമായി ബന്ധപ്പെട്ട പ്രശ്നം കൃത്യമായ വിധത്തിൽ ഉന്നയിക്കുകയോ ലൈംഗികമായ ഉപദ്രവം സംബന്ധിച്ച പരാതി ഫയൽ ചെയ്യുകയോ ചെയ്യുന്ന ഏതൊരു ജീവനക്കാരനും എതിരേയുള്ള പ്രതികാര പ്രവർത്തികൾ കർശനമായി തടഞ്ഞിരിക്കുന്നു. രഹസ്യ സ്വഭാവത്തോടെയുള്ള അന്വേഷണത്തിന് ശേഷം, മറ്റൊരാളെ ലൈംഗികമായി ഉപദ്രവിച്ചുവെന്നോ പ്രതികാരപരമായ പ്രവർത്തിയിലേർപ്പെട്ടുവെന്നോ കണ്ടെത്തപ്പെടുന്ന ഏതൊരു വ്യക്തിയും, ജോലിയിൽ നിന്ന് താൽക്കാലികമായി നീക്കം ചെയ്യുന്നതും പിരിച്ചു വിടുന്നതും വരെ ഉൾപ്പെടെയുള്ള, എന്നാൽ അതിൽ മാത്രം പരിമിതപ്പെടാതെയുള്ള, അച്ചടക്ക നടപടികൾക്ക് വിധേയമാകാം;

### IV. അനുചിതമായ ബന്ധങ്ങൾ

ഉഭയ സമ്മതത്തോടെയുള്ള ലൈംഗിക അല്ലെങ്കിൽ പ്രണയ ബന്ധങ്ങൾ, മാനേജ്മെന്റിലെ ഒരു അംഗവും അവർക്ക് ഔദ്യോഗികമായി അധികാരമുള്ള വ്യക്തികളും തമ്മിലാകുമ്പോൾ അധികാര ദുർവിനിയോഗ പ്രശ്നം ഉയരും. അത്തരം ബന്ധങ്ങളിൽ പങ്കാളികളായിത്തീരുന്നവർക്ക് പ്രതികൂലമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാതിരിക്കുമ്പോൾ പോലും, അത്തരം

പ്രണയ ബന്ധങ്ങൾക്ക് താൽപ്പര്യ വൈരുദ്ധ്യമുണ്ടാക്കാനോ പങ്കാളികളായിത്തീരുന്നവരെക്കുറിച്ച്, നീതിയുക്തമല്ലാത്ത അല്ലെങ്കിൽ പക്ഷഭേദത്തോടെയുള്ള പെരുമാറ്റത്തെക്കുറിച്ച് സഹ ജീവനക്കാർ ആരോപണങ്ങൾ ഉന്നയിക്കുന്നതിലേക്ക് കൊണ്ടു ചെന്നെത്തിക്കാനോ കഴിയും. ജോലി സ്ഥലത്തെ ലൈംഗിക അല്ലെങ്കിൽ പ്രണയ ബന്ധങ്ങളുടെ സാധ്യമായ വിപരീത ഫലങ്ങൾ എല്ലാ ജീവനക്കാരും തിരിച്ചറിയേണ്ടതാണ്. അത്തരം ബന്ധങ്ങളിൽ പങ്കാളികളായിത്തീരുന്നവർ, ആ ബന്ധങ്ങളെക്കുറിച്ച് ശ്രദ്ധാപൂർവ്വം ചിന്തിക്കേണ്ടതാണ്. പങ്കാളികളായിത്തീരുന്നവരുടെ പെരുമാറ്റത്തെക്കുറിച്ചോ അല്ലെങ്കിൽ അവരുടെ ബന്ധം ജോലിസ്ഥലത്ത് ഉണ്ടാക്കുന്ന സ്വാധീനത്തെക്കുറിച്ചോ മറ്റ് കക്ഷികളിൽ നിന്ന് ഉയരുന്ന ആശങ്കകൾ, നിയമമോ നിയന്ത്രണമോ മറ്റ് തരത്തിൽ നിരോധിച്ചിട്ടില്ലാത്ത പക്ഷം, നിങ്ങളുടെ ഹ്യൂമൻ റിസോഴ്സ് പ്രതിനിധിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## V. ജോലിസ്ഥലത്തെ സ്വകാര്യത

ജീവനക്കാരുടെ സ്വകാര്യതയ്ക്കുള്ള അവകാശങ്ങളെ ഞങ്ങൾ മാനിക്കുന്നു. വ്യക്തിഗത രേഖകൾ, വ്യക്തിപരമായി തിരിച്ചറിയാൻ കഴിയുന്ന വിവരങ്ങൾ, ഞങ്ങളുടെ ജീവനക്കാരെ സംബന്ധിച്ചുള്ള മറ്റ് സ്വകാര്യ വിവരങ്ങൾ എന്നിവ ബിസിനസ്സ് പരമായ, നിയമപരമായ അല്ലെങ്കിൽ കരാർ സബന്ധിച്ച ആവശ്യങ്ങൾക്കായി, നിയമവും സർക്കാർ വ്യവസ്ഥകളും പ്രകാരം യഥാർത്ഥത്തിൽ ആവശ്യമുള്ളിടത്തോളം അല്ലെങ്കിൽ ഉപയോഗപ്രദമാകുന്നിടത്തോളം കാലം മാത്രമേ സൂക്ഷിക്കുകയുള്ളൂ. ജീവനക്കാരുടെ രേഖകളിലേക്കുള്ള പ്രവേശനം, രേഖകൾ പരിശോധിക്കുന്നതിന് നിയമാനുസൃതവും പ്രസക്തവുമായ ബിസിനസ്സ്-സംബന്ധിയായ ആവശ്യകതയുള്ളതും അധികാരപ്പെടുത്തയിട്ടുള്ളതുമായ BrandSafway ജീവനക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. BrandSafway-യ്ക്ക് പുറത്തു നിന്നുള്ള, കൃത്യമായി അധികാരപ്പെടുത്തിയിട്ടില്ലാത്ത ഒരു വ്യക്തിക്കും ജീവനക്കാരുടെ വ്യക്തിഗത വിവരങ്ങൾ നൽകില്ല.

ജീവനക്കാരുടെ സ്വകാര്യത നിലനിർത്താൻ ശ്രമിക്കുമ്പോൾ തന്നെ, ബാധകമായ നിയമത്തിന് അനുസൃതമായി, ഓഫീസുകൾ, ഡെസ്കുകൾ, ലോക്കറുകൾ, ബാഗുകൾ, വാഹനങ്ങൾ എന്നിവയുൾപ്പെടെ, എന്നാൽ അവയിൽ മാത്രമായി പരിമിതപ്പെടാത്ത, കമ്പനിയുടെ സ്വത്തിന്റെ ഉപയോഗം നിരീക്ഷിക്കാനുള്ള അവകാശം BrandSafway -യിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ, BrandSafway-യുടെ ആശയവിനിമയവും കമ്പ്യൂട്ടർ നെറ്റ് വർക്കുകൾ, ഡാറ്റാ ഫയലുകൾ, ഇ-മെയിൽ, ഇന്റർനെറ്റ് ഉപയോഗം, വോയ്സ് മെയിൽ എന്നിവ പോലെയുള്ള കമ്പ്യൂട്ടർ സിസ്റ്റങ്ങളും, സാങ്കേതികവിദ്യയുടെ സത്യനിഷ്ഠത ഉറപ്പുവരുത്തുന്നതിനും തട്ടിപ്പ്, ദുരുപയോഗം എന്നിവയിൽ നിന്ന് സംരക്ഷിക്കുന്നതിനും അനധികൃതമായ പ്രാപ്യത അല്ലെങ്കിൽ ഉപയോഗം കണ്ടെത്തുന്നതിനും മറ്റ് ബിസിനസ്സ് ആവശ്യങ്ങൾക്കും വേണ്ടി, ബാധകമായ നിയമങ്ങൾക്ക് വിധേയമായി നിരീക്ഷണത്തിൽ സൂക്ഷിക്കുകയോ അതിലേക്ക് പ്രവേശിക്കുകയോ ചെയ്യാം.

## VI. യൂണിയനുകളും തൊഴിൽ പ്രാതിനിധ്യവും

കൂട്ടായ പ്രാതിനിധ്യം നിലനിൽക്കുന്നിടത്ത്, ഉത്തമ വിശ്വാസത്തിന്റെയും പരസ്പര ബഹുമാനത്തിന്റെയും തത്വങ്ങളുടെ അടിസ്ഥാനത്തിൽ ആ പ്രതിനിധി സംഘടനകളുമായി ഒരു ബന്ധം സ്ഥാപിക്കാൻ BrandSafway പ്രയത്നിക്കും.



# പരിസ്ഥിതിയും ആരോഗ്യവും സുരക്ഷിതത്വവും

സുരക്ഷിതത്വമാണ് BrandSafway യുടെ മൂല്യങ്ങളിൽ ഒന്നാമത്തേത്. നിങ്ങളുടെ സഹപ്രവർത്തകരുടെയും ഞങ്ങളുടെ ഉപഭോക്താക്കളുടെയും അതോടൊപ്പം, നിങ്ങളുടെയും സുരക്ഷിതത്വത്തേക്കാൾ പ്രധാനപ്പെട്ടതായി ഞങ്ങൾക്ക് മറ്റൊന്നുമില്ല. സുരക്ഷിതവും ആരോഗ്യകരവുമായ ഒരു ജോലി സ്ഥലം ഒരുക്കുന്നതിനും നിലനിർത്തുന്നതിനും പരിസ്ഥിതിയിലുണ്ടാകുന്ന പ്രത്യാഘാതം കുറയ്ക്കുന്ന വിധത്തിൽ ഞങ്ങളുടെ ബിസിനസ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ജീവനക്കാരുടെ ആരോഗ്യം, സുരക്ഷിതത്വം, പരിസ്ഥിതി സംരക്ഷണം എന്നിവ സംബന്ധിച്ച എല്ലാ റെഗുലേറ്ററി ആവശ്യകതകളും പൂർത്തീകരിക്കുന്നതിനോ അവ കവിഞ്ഞുള്ള നടപടികൾ സ്വീകരിക്കുന്നതിനോ BrandSafway പ്രതിജ്ഞാബദ്ധമാണ്.

സുരക്ഷിതത്വത്തിന്റെ ഒരു സംസ്കാരം ഉയർത്തിപ്പിടിക്കുന്നതിൽ സഹായിക്കാൻ ഓരോ BrandSafway ജീവനക്കാരനും ഒരു പ്രധാന പങ്കുണ്ട്. അതിനാൽ, ഓരോ BrandSafway ജീവനക്കാരനും ഇനിപ്പറയുന്ന കാര്യങ്ങൾ ചെയ്യണമെന്ന് പ്രതീക്ഷിക്കപ്പെടുന്നു:

- പോസ്റ്റ് ചെയ്ത മുന്നറിയിപ്പുകളും റെഗുലേഷനുകളും നിരീക്ഷിക്കുക.
- ജോലിക്കിടയിൽ എന്തെങ്കിലും സംഭവമോ ക്ഷതമോ ഉണ്ടാകുന്നുവെങ്കിലോ അല്ലെങ്കിൽ നിങ്ങൾക്ക് എന്തെങ്കിലും പാരിസ്ഥിതിക അല്ലെങ്കിൽ സുരക്ഷിതത്വ സംബന്ധിയായ ഉൽക്കണ്ഠ ഉണ്ടെങ്കിലോ അനുചിതമായ മാനേജ്മെന്റിന് ഉടന് റിപ്പോർട്ട് ചെയ്യുക.
- ഞങ്ങളുടെ പരിസ്ഥിതി, ആരോഗ്യം, സുരക്ഷിതത്വം (ഇഎച്ച്എസ്) സംബന്ധിച്ച നയങ്ങളും മാന്വലുകളും ക്ലിപ്ത സമയങ്ങളിൽ പുറപ്പെടുവിക്കുന്ന സുരക്ഷിതത്വ സംബന്ധിയായ ബുള്ളറ്റിനുകളും അലേർട്ടുകളും മനസ്സിലാക്കുകയും അവ പാലിക്കുകയും ചെയ്യുക.
- ഇഎച്ച്എസ്-ന്റെ നിയന്ത്രണപരമായ കാര്യങ്ങൾ അപകടത്തിലാണെന്നോ ജീവൻ രക്ഷാ നിയമങ്ങളുടെ (എൽഎസ്ആർ) ലംഘനങ്ങളുണ്ടെന്നോ ഉള്ള പ്രശ്നം ഉയർത്തുന്ന ഒരു ടാസ്കിനെക്കുറിച്ച് അല്ലെങ്കിൽ ഓപ്പറേഷനെക്കുറിച്ച് അറിയുമ്പോഴെല്ലാം ജീവനക്കാർ അവരുടെ ജോലി നിർത്തുന്നതിനുള്ള (സ്റ്റോപ്പ് വർക്ക്) കർത്തവ്യം നടപ്പിലാക്കുക.

### I. സുരക്ഷിതത്വ നയങ്ങളും പരിപാടികളും

പരിസ്ഥിതി സംരക്ഷിക്കുന്നതിനും ഞങ്ങളുടെ ജീവനക്കാരുടേയും ഉപഭോക്താക്കളുടേയും മറ്റ് കരാറുകാരുടേയും പൊതുജനങ്ങളുടേയും പരിസ്ഥിതിയുടേയും സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ സംരക്ഷിക്കുന്നതിനുമുള്ള വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധത ഞങ്ങൾ മുറുകെപ്പിടിക്കുന്നു. ഞങ്ങളുടെ ഇഎച്ച്എസ് പരിപാടികളിൽ, എല്ലാ ജീവനക്കാരെയും ഒരേ പോലെ കരുതുകയും പങ്കെടുപ്പിക്കുകയും ചെയ്യുന്ന ഞങ്ങളുടെ സംസ്കാരം, സുരക്ഷിതമായ പ്രവർത്തന രീതികൾ പിന്തുടരുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്വയം മുൻകൈ എടുക്കുന്നതിനും പ്രചോദനം നൽകും. ഞങ്ങളുടെ കമ്പനി ഇനിപ്പറയുന്നവയ്ക്ക് പ്രതിജ്ഞാബദ്ധമാണ്:

- പ്രത്യേക വിദഗ്ദ്ധ പരിശീലനം, അനുയോജ്യമായ ഉപകരണങ്ങൾ, ഇൻഡസ്ട്രിയിലെ ഏറ്റവും മുന്തിയ നടപടിക്രമങ്ങൾ എന്നിവ നൽകുന്നതിലൂടെ ഞങ്ങളുടെ ജീവനക്കാരിൽ നിന്ന് മികച്ച ഇഎച്ച്എസ് പ്രകടനം സാദ്ധ്യമാക്കുന്നു.
- ഞങ്ങളുടെ ഉപഭോക്താക്കൾക്ക് സുരക്ഷിതമായ ഉൽപ്പന്നങ്ങളും സേവനങ്ങളും BrandSafway നൽകുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും ഇഎച്ച്എസ്-മായി ബന്ധപ്പെട്ടുള്ള വിജയങ്ങളിൽ പങ്കാളികളാകാനും സുരക്ഷിതമായ പ്രവർത്തന രീതികളും സമീപനങ്ങളും ദൃഢീകരിക്കുന്നതിനുമായി ജീവനക്കാരെ ശാക്തീകരിക്കുന്നു.
- ഇഎച്ച്എസ്-മായി ബന്ധപ്പെട്ടുള്ള ലക്ഷ്യങ്ങളും ഉത്തമ മാതൃകകളും കൈവരിക്കുന്നതിനായി, അനുകൂലമായ ഫലങ്ങളുണ്ടാക്കുന്ന സമീപനത്തിന് കരുത്തു പകരുകയും ആവശ്യമായതു പോലെ ഇടപെടൽ നടത്തുകയും ചെയ്യുന്നതും ഉൾപ്പെടെ, ഞങ്ങളുടെ ജോലിസ്ഥലങ്ങളും മനുഷ്യശേഷിയുടെ പ്രകടനവും നിരീക്ഷിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്യുക.
- മുൻ നിരയിലുള്ളതും പിന്നാക്കവുമായ സൂചക ഡാറ്റ, പ്രവണതയുടെ വിശകലനം, ജീവനക്കാരുടെ ഇൻപുട്ട്, ആരോഗ്യ, സുരക്ഷിതത്വ കമ്മിറ്റിയുടെ പ്രതികരണം, ഇൻഡസ്ട്രിയിലെ മികച്ച രീതികൾ എന്നിവ ഉപയോഗിച്ച് ഞങ്ങളുടെ ഇഎച്ച്എസ് പ്രകടനം നിരീക്ഷിക്കുക.
- ഞങ്ങളുടെ ഇഎച്ച്എസ്-മായി-മായി ബന്ധപ്പെട്ടുള്ള പ്രകടന ഫലങ്ങൾ, പരിഹാര നടപടികൾ, പ്രശ്നങ്ങൾ തടയുന്നതിനുള്ള നടപടികൾ എന്നിവയുടെ വിവരങ്ങൾ ജീവനക്കാർക്കും ഉപഭോക്താക്കൾക്കും മറ്റ് തൽപ്പര കക്ഷികൾക്കും നൽകുന്നു.
- ഇൻഡസ്ട്രിയിലെ ഏറ്റവും മുന്തിയ പ്രകടനം നിലനിർത്തുന്നതിന് ഞങ്ങളുടെ ഇഎച്ച്എസ് പരിപാടികളും പ്രക്രിയകളും തുടർച്ചയായി മെച്ചപ്പെടുത്തുന്നു.

### II. ജോലിസ്ഥലത്ത് മദ്യവും മയക്കു മരുന്നും

ജോലിസ്ഥലത്തെ ഉൽപ്പാദനക്ഷമതയിലുണ്ടാകുന്ന ഗണ്യമായ നഷ്ടങ്ങൾ, അപകടങ്ങൾ, അവധിയെടുക്കൽ എന്നിവയും വൈകി ജോലിക്കെത്തലും തർക്കങ്ങളും അതേ പോലെ തന്നെ വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും കമ്മ്യൂണിറ്റിക്കും മനുഷ്യ ആരോഗ്യം സംബന്ധിച്ചുണ്ടാകുന്ന ചെലവുകളും പരിഗണിക്കുമ്പോൾ, മദ്യത്തിന്റെയും മറ്റ് മയക്കു മരുന്നുകളുടെയും ദുരുപയോഗം അല്ലെങ്കിൽ തെറ്റായ ഉപയോഗം ഞങ്ങളുടെ ജീവനക്കാർക്കും BrandSafway-യ്ക്കും ഗണ്യമായ ഒരു പ്രശ്നത്തിന് കാരണമായിത്തീരുന്നു.

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിൽ നിന്ന് വിമുക്തമായ സുരക്ഷിതമായ ഒരു തൊഴിൽ അന്തരീക്ഷം ഒരുക്കുന്നതിന് ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. നിയമവിരുദ്ധമോ അനധികൃതമോ ആയ മരുന്നുകളുടെയോ മദ്യത്തിന്റെയോ ലഹരിയിൽ നിന്ന് മുക്തമായ നിലയിൽ, ജീവനക്കാർ അവരുടെ ചുമതലകൾ നിർവഹിക്കുന്നതിനുള്ള ക്ഷമതയോടെ ജോലിക്കെത്തേണ്ടതാണ്. കമ്പനിയുടെ പ്രവർത്തന സമയത്ത്, BrandSafway-യുടെ പരിസരങ്ങളിൽ അല്ലെങ്കിൽ ഉപഭോക്താവിന്റെ സ്ഥലങ്ങളിൽ നിയമവിരുദ്ധമോ അനധികൃതമോ ആയ മരുന്നുകൾ അല്ലെങ്കിൽ മദ്യം ഉപയോഗിക്കുന്നതോ കൈവശം വെക്കുന്നതോ വിതരണം ചെയ്യുന്നതോ നിരോധിച്ചിരിക്കുന്നു. BrandSafway മാനേജ്മെന്റ് നിയമവിരുദ്ധമായ പ്രവർത്തി യുക്തമായ അധികൃതർക്ക് റിപ്പോർട്ട് ചെയ്യും. ജീവനക്കാർ എടുക്കുന്നുണ്ടായേക്കാവുന്ന ഏതെങ്കിലും തരത്തിലുള്ള കുറിപ്പടി ഔഷധങ്ങൾ തങ്ങളുടെ ചുമതലകൾ നിർവഹിക്കുന്നതിൽ ഒരു തരത്തിലും സ്വാധീനം ചെലുത്തുകയോ അതിനെ തടസ്സപ്പെടുത്തുകയോ ചെയ്യുന്നില്ലെന്ന് ജീവനക്കാർ ഉറപ്പാക്കേണ്ടതാണ്.

ഇതിന് പുറമേ, മുൻകൂട്ടി പ്രഖ്യാപിച്ചിട്ടുള്ളതോ പ്രഖ്യാപിക്കാത്തതോ യാദൃശ്ചികമായി നടത്തുന്നതോ ആയ മയക്കുമരുന്ന് ഒപ്പം/അല്ലെങ്കിൽ മദ്യ പരിശോധനയ്ക്ക് വിധേയമാകാൻ, പ്രാദേശിക നിയമ പ്രകാരം അത്തരം പരിശോധന അനുവദിക്കുന്ന ഇടങ്ങളിൽ, ജീവനക്കാരോട് അതിൻ അഭ്യർത്ഥിച്ചേക്കാം നിയമവിരുദ്ധമോ അനധികൃതമോ ആയ മരുന്നുകളുടെയോ മദ്യത്തിന്റെയോ ഉപയോഗം സ്ഥിരീകരിക്കുകയാണെങ്കിൽ, ജോലിയിൽ നിന്ന് താൽക്കാലികമായി നീക്കം ചെയ്യുന്നതും പിരിച്ചു വിടുന്നതും വരെ ഉൾപ്പെടെയുള്ള, എന്നാൽ അതിൽ മാത്രം പരിമിതപ്പെടാതെയുള്ള, അച്ചടക്ക നടപടികൾ BrandSafway സ്വീകരിച്ചേക്കാം.

### III. പരിസ്ഥിതി സംരക്ഷണം

BrandSafway-യുടെ ഉൽപ്പന്നങ്ങൾ, സേവനങ്ങൾ, ചരക്ക് നീക്കം, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ എന്നിവ, പരിസ്ഥിതി സംരക്ഷണത്തിലെ മികച്ച രീതികളുമായും പരിസ്ഥിതിയുടെ സംരക്ഷണത്തിനും പരിപാലനത്തിനും ബാധകമായ പ്രാദേശിക നിയമങ്ങളുമായും അനുരൂപപ്പെടുന്നതാണ് എന്ന് ഉറപ്പു നൽകുന്നതിനായി സമുചിതമായ എല്ലാ നടപടികളും സ്വീകരിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. BrandSafway-യുടെ പാരിസ്ഥിതിക നിയന്ത്രണ പരിപാടികൾ കൈകാര്യം ചെയ്യുന്നതിന് യോഗ്യതയുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുക, സമുചിതമായ നിലവാരത്തോതുകൾ വികസിപ്പിക്കുന്നതിനായി സർക്കാർ, വ്യവസായ സംഘങ്ങളുമായി സഹകരിക്കുക, മലിനീകരണ പദാർത്ഥങ്ങൾ പുറത്തേക്ക് വിടുന്നത് കുറയ്ക്കുന്നതിനോ ഇല്ലാതാക്കുന്നതിനോ വേണ്ടി ഞങ്ങളുടെ ഓപ്പറേറ്റിംഗ് സൗകര്യങ്ങൾ കൈകാര്യം ചെയ്യുക, പ്രസക്തമായ പാരിസ്ഥിതിക നിയന്ത്രണ വസ്തുതകളെക്കുറിച്ച് ജീവനക്കാരേയും കമ്മ്യൂണിറ്റിയിൽ താമസിക്കുന്നവരേയും അറിയിക്കുക, ജോലിയിൽ സൽപ്പേർനേടിയിട്ടുള്ള മാലിന്യ നിർമ്മാർജന കരാറുകാരുടെ സേവനങ്ങൾ മാത്രം ഉപയോഗപ്പെടുത്തുക, ബാധകമായ എല്ലാ നിയമങ്ങളും വ്യവസ്ഥകളും പാലിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും ജീവനക്കാർ പാലിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ചില സ്ഥലങ്ങളുടെ നീതിന്യായാധികാരപരിധിയിൽ, പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്ന പ്രവർത്തികൾക്ക് ബാധകമായ ഗണ്യമായ പിഴകളുണ്ട്. BrandSafway-യ്ക്കും ബന്ധപ്പെട്ട ജീവനക്കാർക്കും ഇത് ബാധകമാകാവുന്നതാണ്.







# പൊതുജനങ്ങൾക്കുള്ള വെളിപ്പെടുത്തലുകൾ

സാമ്പത്തിക പ്രകടനം, മെറ്റീരിയൽ കോൺട്രാക്റ്റുകൾ, നിക്ഷേപകർക്കും റെഗുലേറ്റർമാർക്കും പൊതുജനങ്ങൾക്കും പ്രധാനപ്പെട്ട മറ്റ് വിവരങ്ങൾ എന്നിവയുൾപ്പെടെ, എന്നാൽ അതിൽ മാത്രം പരിമിതപ്പെടാതെയുള്ള, BrandSafway വിവരങ്ങളുടെ എല്ലാ വെളിപ്പെടുത്തലുകളും കൃത്യവും ബാധകമായ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി പൂർണ്ണവുമാണെന്ന് ഉറപ്പാക്കുന്നതിന്, അത്തരം വെളിപ്പെടുത്തലുകളെല്ലാം പ്രത്യേകമായി അംഗീകൃതമായ മാദ്ധ്യമങ്ങളിലൂടെ മാത്രമേ നടത്താവൂ. നിങ്ങളെ പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, സെക്യൂരിറ്റീസ് അനലിസ്റ്റുകൾ, പത്രം അല്ലെങ്കിൽ മറ്റ് മാധ്യമങ്ങളുടെ പ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, പുറത്തു നിന്നുള്ള മറ്റ് വ്യക്തികൾ എന്നിവരുമായി BrandSafway വസ്തുതകൾ ചർച്ച ചെയ്യുന്നതിൽ നിന്ന്, BrandSafway ജീവനക്കാരെ ഒപ്പം/അല്ലെങ്കിൽ ഈ പെരുമാറ്റച്ചട്ടം ബാധകമാകുന്ന മൂന്നാം കക്ഷികളെ വിലക്കിയിരിക്കുന്നു.

### I. പത്രമാദ്ധ്യമങ്ങളുടെ ചോദ്യങ്ങളും മറ്റ് മാദ്ധ്യമ സമ്പർക്കവും

എല്ലാ മാദ്ധ്യമ ചോദ്യങ്ങളോടും പ്രതികരിക്കുന്നതിനും രഹസ്യ സ്വഭാവമുള്ളതോ നിർണ്ണായകമോ ആയ വിവരങ്ങൾ അശ്രദ്ധമായി വെളിപ്പെടുത്തപ്പെടുന്നതിനെതിരെ ജാഗ്രത പുലർത്തുന്നതിനും കോർപ്പറേറ്റ് വക്താക്കൾ ലഭ്യമാണ്. ജീവനക്കാർ മാദ്ധ്യമങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ എപ്പോഴും BrandSafway-യുടെ കമ്മ്യൂണിക്കേഷന്സ് ആന്റ് ബ്രാന്ഡിംഗ് വൈസ് പ്രസിഡന്റിന് കൈമാറണം. പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, ജീവനക്കാർ ഒരിക്കലും BrandSafway-യുടെ വസ്തുതകൾ ദേശീയ അല്ലെങ്കിൽ പ്രാദേശിക മാദ്ധ്യമങ്ങളുമായി ചർച്ച ചെയ്യരുത്.

### II. സർക്കാരിൽ നിന്നുള്ള ചോദ്യങ്ങളും അന്വേഷണങ്ങളും

സർക്കാർ, അർദ്ധ-സർക്കാർ അന്വേഷണ അധികൃതരിൽ നിന്നോ ഏജൻസികളിൽ നിന്നോ വിവരങ്ങൾക്കായി ആവശ്യപ്പെട്ടു കൊണ്ടുള്ള നിയമപര അഭ്യർത്ഥനകളുമായി എല്ലാ ജീവനക്കാരും സഹകരിക്കണം എന്നതാണ് ഞങ്ങളുടെ നയം. ജീവനക്കാർ അത്തരം ഉദ്യോഗസ്ഥരുമായി എപ്പോഴും ആത്മാർത്ഥമായും സത്യസന്ധമായും ഇടപെടുകയും അത്തരം ചോദ്യങ്ങളെയോ അന്വേഷണങ്ങളെയോ സംബന്ധിച്ച് നിയമ വകുപ്പിലെ ഒരു അംഗത്തിന് ഉടന് റിപ്പോർട്ട് ചെയ്യുകയും വേണം. ഒരു സർക്കാർ ഏജൻസിയിൽ നിന്ന് വിവരങ്ങൾക്കായി അഭ്യർത്ഥിക്കുമ്പോൾ, അതിന് അനുസൃതമായി പ്രവർത്തിക്കുന്നതിന് നിങ്ങൾക്ക് എത്രത്തോളം ബാദ്ധ്യതയുണ്ട് എന്നതിനെക്കുറിച്ച് നിങ്ങൾക്ക് ഉറപ്പില്ലെങ്കിൽ, BrandSafway-യുടെ ചീഫ് കംപ്ലയന്സ് ഓഫീസറിൽ നിന്നോ നിയമ വകുപ്പിൽ നിന്നോ നിങ്ങൾ മാർഗ്ഗനിർദ്ദേശം തേടേണ്ടതാണ്.

# ഒഴിവാക്കലുകളും ഉപസംഹാരവും

## ഒഴിവാക്കലുകൾ

സാധാരണയായി ഈ പെരുമാറ്റച്ചട്ടത്തിൽ ഇളവുകൾ അനുവദിക്കില്ല. ഒഴിവാക്കലുകൾക്കായി ജീവനക്കാർക്ക് രേഖാമൂലമുള്ള അഭ്യർത്ഥനകൾ ചീഫ് കംപ്ലയൻസ് ഓഫീസർക്ക് സമർപ്പിക്കാം.

## ഉപസംഹാരം

ഓരോ സാഹചര്യത്തിലും പെരുമാറ്റച്ചട്ടത്തിന്റെ സമുചിതമായ പഥം എന്തായിരിക്കണമെന്നത് വിലയിരുത്തുന്നത് ലളിതമോ യാന്ത്രികമോ അല്ല. അവ്യക്തത നിലനിൽക്കുന്നതോ ചോദ്യങ്ങൾ ഉണ്ടായേക്കാവുന്നതോ ആയ എല്ലാ സാഹചര്യങ്ങളിലും ചെയ്യേണ്ടവ വിവരിക്കുന്നതല്ല ഈ പെരുമാറ്റച്ചട്ടത്തിന്റെ ലക്ഷ്യം. അത്തരം സാഹചര്യങ്ങളെ ക്രിയാത്മകമായി സമീപിക്കുന്നതിനും വിവേചന ബുദ്ധി ഉപയോഗിക്കുന്നതിനും സ്വയം വിശദമായി മനസ്സിലാക്കുന്നതിനും ലംഘനങ്ങൾ ഉണ്ടായെന്ന് സംശയിക്കുന്നുവെങ്കിൽ അതിനെക്കുറിച്ച് ഉടൻ തന്നെ റിപ്പോർട്ട് ചെയ്യുന്നതിനും ഓരോ ജീവനക്കാരനെയും പ്രോൽസാഹിപ്പിക്കുന്നു. ഈ പെരുമാറ്റച്ചട്ടത്തിലെ മാർഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടു മാത്രമേ തുടർച്ചയായി വളരാനും കഠിനാധ്വാനം കൊണ്ട് നേടിയ പ്രശസ്തിയും നൈതിക പെരുമാറ്റവും പരിപാലിക്കാനും നമുക്ക് കഴിയൂ.





Brand Industrial Services, Inc.
1325 കോബ് ഇന്റർനാഷണൽ Dr., Ste A-1 | കെന്നിസോ, GA USA 30152
BrandSafway.com

©ബ്രാൻസ്| ഇൻഡസ്ട്രിയൽ സർവീസ്, ഇൻക്.,
എല്ലാ അവകാശങ്ങളും സംരക്ഷിതം.